**ഇടപാടുകാരനുള്ള അവബോധ ലഘുപത്രിക**

- ''**സേവിംഗ്സ് അക്കൗണ്ട്** '' എന്നത് ഒരു സേവിംഗ്സ് അക്കൗണ്ട് തുറക്കുന്നതിനായി യോഗ്യതയുള്ളതായി ആർബിഐ നിർദ്ദിഷ്ടമായി അനുവദിച്ചിട്ടുള്ള വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനസജ്ജമായ ഒരു ബാങ്കിംഗ് അക്കൗണ്ടാണ്. ബാങ്കുകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് നിശ്ചിത ലാഭം ഉദ്ദേശിച്ചിട്ടില്ലാത്ത ക്ഷേമ പ്രവർത്തന സ്ഥാപനങ്ങൾക്കും അനുവാദമുണ്ട്. ആർബിഐ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ സേവിംഗ്സ് അക്കൗണ്ടിലെ നീക്കിബാക്കി തുകയ്ക്ക് പലിശ നൽകുന്നതാണ്. മറ്റ് വിഭാഗങ്ങളിലുള്ളവരിൽ, സേവിംഗ്സ് അക്കൗണ്ട് തുറക്കുന്നതിന് യോഗ്യതയുള്ളവരിൽ സ്ഥിരവാസികളും സ്ഥിര വാസികളല്ലാത്തവരുമായ ഭാരതീയർ, ട്രസ്റ്റുകൾ, സൊസൈറ്റികൾ, കമ്പനി നിയമം വകുപ്പ് 25-ന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ തുടങ്ങിയവർ ഉൾപ്പെടുന്നു. കാലാകാലങ്ങളിൽ ആർബിഐ നിർദ്ദേശിക്കുന്ന നിശ്ചിത വ്യവസ്ഥകൾ പാലിക്കുന്ന നിശ്ചിത സർക്കാർ സംഘങ്ങൾക്കും സേവിംഗ്സ് അക്കൗണ്ട് തുറക്കുവാൻ കഴിയുന്നതാണ്.
- ''**കറണ്ട് അക്കൗണ്ട്** '' എന്നത് ഒരു ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനായി യോഗ്യതയുള്ള എല്ലാത്തരം സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള പ്രവർത്തനസജ്ജമായ ഒരു ബാങ്കിംഗ് അക്കൗണ്ടാണ്. ആർബിഐ നിർദ്ദേശിച്ചിട്ടുള്ളതു പോലെ കറണ്ട് അക്കൗണ്ടിലെ നീക്കിബാക്കി തുകയ്ക്ക് പലിശ നൽകുന്നതല്ല.
- ""**ടേം ഡെപ്പോസിറ്റ്** '' സ്ഥിരമായ ഒരു കാലഘട്ടത്തിലേയ്ക്ക് ബാങ്കിന് ലഭിക്കുന്ന ഒരു നിക്ഷേപം എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. നിക്ഷേപം നടത്തുന്ന സമയം സ്ഥിരപ്പെടുത്തുന്ന ഒരു നിരക്കിലായിരിക്കും പലിശ നൽകുന്നത്. ടേം ഡെപ്പോസിറ്റുകളിൽ ക്വാർട്ടർലി പേയൗട്ട് ഡെപ്പോസിറ്റ്, മന്ത്‌ലി പേയൗട്ട് ഡെപ്പോസിറ്റ്, ക്യുമുലേറ്റീവ് ഡെപ്പോസിറ്റുകൾ പോലെയുള്ള നിക്ഷേപങ്ങളും ഉൾപ്പെടുന്നു. പ്രത്യേകിച്ച്, നിയമമോ നിയന്ത്രണ ഭരണഘടനാ മാർഗ്ഗനിർദ്ദേശങ്ങളോ തടയാത്തിടത്തോളം ഒരു ടേം ഡെപ്പോസിറ്റ് അക്കൗണ്ട് തുറക്കുന്നതിന് എല്ലാ സ്ഥാപനങ്ങൾക്കും യോഗ്യതയുണ്ട്.
- ""**റിക്കറിംഗ് ഡെപ്പോസിറ്റ്** '' പതിവായ വരുമാനമുള്ളവർക്ക് ഓരോ മാസവും സ്ഥിരമായ ഒരു തുക അവരുടെ റിക്കറിംഗ് ഡിപ്പോസിറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും അതിലൂടെ ടേം ഡിപ്പോസിറ്റിന് ബാധകമായ പലിശ നിരക്കിൽ പലിശ സമ്പാദിക്കുന്നതിനും ആളുകളെ സഹായിക്കുന്ന ഒരു നിക്ഷേപമാണ്. ഒരു നിശ്ചിത തുക പ്രതിമാസ ഗഡുക്കളായി, ഉദാ: രൂ. 1000 പ്രതി മാസം, ടേം ഡിപ്പോസിറ്റുകൾ നടത്തുന്നതിന് തുല്യമാണ് അത്. ഈ നിക്ഷേപം ഭാവിയിൽ ഒരു നിർദ്ദിഷ്ട തീയതിയിൽ ഓരോ മാസവും അടച്ച എല്ലാ ഗഡുക്കളോടുമൊപ്പം കാലാവധിയെത്തുന്നു. അങ്ങനെ, സ്ഥിരമായ ഒരു കാലളയവിലേക്ക് സ്ഥിരമായ ഒരു തുകയുടെ പതിവായ പ്രതിമാസ നിക്ഷേപങ്ങൾ കൊണ്ട് ഇടപാടുകാർക്ക് അവരുടെ നിക്ഷേപം സമാഹരിക്കുന്നതിന് റിക്കറിംഗ് ഡിപ്പോസിറ്റ് പദ്ധതി അവസരം നൽകുന്നു.
- ഞങ്ങളുടെ ബാങ്ക്, അതിന്റെ ഫിനാൻഷ്യൽ ഇൻക്ലൂഷൻ യത്നത്തിന്റെ ഭാഗമായി, ആർബിഐ രൂപം നൽകിയിട്ടുള്ള നിലവിലുള്ള "ഫിനാൻഷ്യൽ ഇൻക്ലൂഷൻ - അസ്സെസ്സ് ടു ബാങ്കിംഗ് സർവ്വീസസ് " മാർഗ്ഗരേഖകൾക്ക് കീഴിൽ, എല്ലാ ശാഖകളിലും "ബേസിക് സേവിംഗ്സ് ബാങ്ക് ഡിപ്പോസിറ്റ് അക്കൗണ്ട് (ബിഎസ്ബിഡിഎ)"-ഉം "സ്മോൾ അക്കൗണ്ട്" -ഉം നൽകുന്നുണ്ട്. കൂടുതലായി, നിയന്ത്രണങ്ങൾക്ക് അനുസരിച്ച്, ബിഎസ്ബിഡിഎ, സ്മോൾ അക്കൗണ്ട് എന്നിവയുടെ മുഖ്യ സവിശേഷതകൾ താഴെ പ്രാമുഖ്യത്തോടെ കാട്ടിയിരിക്കുന്നു:

| **പരാമീറ്റർ** | **ബിഎസ്ബിഡിഎ** | **സ്മോൾ അക്കൗണ്ട്** |
|---|---|---|
| കെവൈസി ആവശ്യകതകൾ | • പൂർണ്ണ കെവൈസി | • റിലാക്സ്ഡ് കെവൈസി |
| സവിശേഷതകൾ | • ഏറ്റവും കുറഞ്ഞ ബാലൻസ് ആവശ്യമില്ല<br>• പ്രതിമാസം 1 ലക്ഷം രൂപയുടെ പരിധിയ്ക്ക് വിധേയമായി, പരിമിതിയില്ലാത്ത സൗജന്യ ഇടപാടുകൾ പണമായുള്ള നിക്ഷേപത്തോടൊപ്പം<br>• ഒരു മാസത്തിൽ ശാഖയിൽ നിന്ന് 4 സൗജന്യ പണം പിൻവലിക്കലുകൾ<br>• കോട്ടക്ക് അല്ലാത്ത എടിഎം-കളിൽ 5 സൗജന്യ ഇടപാടുകൾ<br>• അറ്റ്-പാർ ചെക്ക് ബുക്ക്<br>• സൗജന്യ ഫോൺ ബാങ്കിംഗ്<br>• നെറ്റ് ബാങ്കിംഗ് (ഐച്ഛികം) - ചാർജുകൾ ഓരോ കലണ്ടർ ത്രൈമാസികത്തിൽ രൂ.75/- | • ഏറ്റവും കുറഞ്ഞ ബാലൻസ് ആവശ്യമില്ല<br>• ഒരു സാമ്പത്തിക വർഷത്തിൽ പ്രതിമാസം 1 ലക്ഷം രൂപയുടെ പരിധിയ്ക്ക് വിധേയമായി, പരിമിതിയില്ലാത്ത സൗജന്യ ഇടപാടുകൾ പണമായുള്ള നിക്ഷേപത്തോടൊപ്പം<br>• ഒരു മാസത്തിൽ ശാഖയിൽ നിന്ന് 4 സൗജന്യ പിൻവലിക്കലുകൾ<br>• കോട്ടക്ക് അല്ലാത്ത എടിഎം-കളിൽ 5 സൗജന്യ പണമിടപാടുകൾ<br>• അറ്റ്-പാർ ചെക്ക് ബുക്ക്.<br>• സൗജന്യ ഫോൺ ബാങ്കിംഗ്.<br>• നെറ്റ് ബാങ്കിംഗ് ലഭ്യമല്ല. |

| | | |
|---|---|---|
| നിയന്ത്രണങ്ങളും/ പരിമിതികളും | • മറ്റ് സേവിംഗ്സ് അക്കൗണ്ടിന്റെ കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ പണമിടപാടുകളും അനുവദിക്കപ്പെട്ടിരിക്കുന്നു<br>• ബാങ്കിൽ കൂടുതലായിട്ടുള്ള മറ്റ് സേവിംഗ്സ് അക്കൗണ്ട് ഒരേ സമയത്ത് ബിഎസ്ബിഡിഎ ഉടമയ്ക്ക് തുറക്കുവാൻ കഴിയുന്നതല്ല. എങ്കിലും സാധാരണ സേവിംഗ്സ് അക്കൗണ്ടിലേക്ക് സ്ഥാനമാറ്റത്തിന് സാദ്ധ്യമാണ്.<br>• നിലവിൽ സേവിംഗ്സ് അക്കൗണ്ട് ഉള്ള ഒരാൾ ബിഎസ്ബിഡിഎ തുറക്കുകയാണെങ്കിൽ, പിന്നീട് നിലവിലുള്ള സേവിംഗ്സ് അക്കൗണ്ട്ബിഎസ്ബിഡിഎ തുറക്കുന്നതിന് 30 ദിവസങ്ങൾക്കുള്ളിൽ അവസാനിപ്പിക്കേണ്ടത് ആവശ്യമാണ്. | • ഒരു സാമ്പത്തിക വർഷത്തിലെ എല്ലാ ക്രെഡിറ്റുകളുടെയും ആകെത്തുക രൂ.100,000 കവിയരുത്.<br>• അക്കൗണ്ട് ബാലൻസ് രൂ.50,000-ത്തിൽ കവിയരുത്.<br>• ഒരു മാസത്തിലെ എല്ലാ ഡെബിറ്റുകളുടെയും ആകെത്തുക രൂ.10,000-ത്തിൽ കവിയരുത്.<br>• വിദേശ കറൻസി പണമിടപാടുകൾ അനുവദനീയമല്ല.<br>• ബാങ്കിൽ കൂടുതലായിട്ടുള്ള മറ്റ് സേവിംഗ്സ് അക്കൗണ്ട് ഒരേ സമയത്ത് ബിഎസ്ബിഡിഎ ഹോൾഡറിന് തുറക്കുവാൻ കഴിയുന്നതല്ല. എങ്കിലും കെവൈസി ആവശ്യകതകൾ പൂർത്തീകരിക്കുന്നുവെങ്കിൽ, ബിഎസ്ബിഡിഎ / മറ്റ് സേവിംഗ്സ് അക്കൗണ്ടിലേക്ക് സ്ഥാനമാറ്റം നടത്താവുന്നതാണ്.<br>• നിലവിൽ സേവിംഗ്സ് അക്കൗണ്ട് ഉള്ള ഒരാൾ സ്മോൾ അക്കൗണ്ട് തുറക്കുകയാണെങ്കിൽ, പിന്നീട് നിലവിലുള്ള സേവിംഗ്സ് അക്കൗണ്ട് സ്മോൾ അക്കൗണ്ട് തുറക്കുന്നതിന് 30 ദിവസങ്ങൾക്കുള്ളിൽ അവസാനിപ്പിക്കേണ്ടത് ആവശ്യമാണ്. |

- ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ്-ന്റെ അടിസ്ഥാനത്തിൽ ഓട്ടിസം, സെറിബ്രെൽ പാൾസി, മെന്റൽ റിട്രാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റിസ് എന്നിവയുള്ള വ്യക്തികൾക്ക് ബാങ്ക് അക്കൗണ്ടുകൾ തുറക്കാവുന്നതാണ്. ഈ സർട്ടിഫിക്കറ്റുകൾ നൽകുന്നത് മെന്റൽ ഹെൽത്ത് ആക്ട് 1987-ന്റെ കീഴിലുള്ള ഡിസ്ട്രിക്റ്റ് കോർട്ട് അല്ലെങ്കിൽ നാഷണൽ ട്രസ്റ്റ് ഫോർ ഓട്ടിസം, സെറിബ്രെൽ പാൾസി, മെന്റൽ റിട്രാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റിസ് ആക്റ്റ് 1999-ന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള പ്രാദേശിക തല കമ്മറ്റികൾ ആണ്. അക്കൗണ്ടുകൾ തുറക്കുന്നതിന് ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾക്കായി നിയമപര രക്ഷകർത്താവിന് പ്രാദേശിക തല കമ്മറ്റികളെ സമീപിക്കുവാൻ കഴിയും. നാഷണൽ ട്രസ്റ്റ്-ന്റെ വെബ്സൈറ്റ്-ൽ (www.thenationaltrust.in) നിന്ന് അല്ലെങ്കിൽ നിങ്ങൾക്ക് സമീപമുള്ള ശാഖയിൽ നിന്ന് പ്രാദേശിക തല കമ്മറ്റിയുടെ മേൽവിലാസം ലഭിക്കുന്നതാണ്. അത്തരം വ്യക്തികളുടെ തുടർന്നുള്ള അക്കൗണ്ടുകൾ, ഗുണഭോക്താവിൽ നിന്ന് അയാൾക്ക്/അവർക്ക് സ്വന്തം സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കഴിയുമെന്നുള്ള സ്ഥിരീകരണം ലഭിക്കുന്നുവെങ്കിൽ, ഒരു ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് കൂടാതെ തന്നെ തുറക്കാവുന്നതാണ്.
- ഞങ്ങളുടെ എല്ലാ ബ്രാഞ്ചുകളിലും ഞങ്ങളുടെ ബാങ്കിന്റെ വെബ്സൈറ്റുകളിലും മുകളിൽ പറഞ്ഞ അക്കൗണ്ടുകളുടെ എല്ലാ വിവരങ്ങളും ലഭ്യമാണ്.
- ആർബിഐ പുറപ്പെടുവിച്ചിട്ടുള്ള ''നോ യുവർ കസ്റ്റമർ'' (കെവൈസി) മാർഗ്ഗനിർദ്ദേശങ്ങൾ അല്ലെങ്കിൽ ബാങ്ക് സ്വീകരിച്ചിട്ടുള്ള അതേ പോലെയുള്ള മറ്റ് മാനദണ്ഡങ്ങളുടെ അല്ലെങ്കിൽ നടപടിക്രമങ്ങളുടെ കീഴിൽ ആവശ്യമായ ഡ്യൂ ഡിലിൻജൻസ് പ്രക്രിയ, ഏതെങ്കിലും നിക്ഷേപ അക്കൗണ്ട് തുറക്കുന്നതിന് മുൻപ് ബാങ്ക് നടത്തുന്നതാണ്.
- നിക്ഷേപം നടത്തുവാൻ ആഗ്രഹിക്കുന്ന വ്യക്തിക്ക് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനുള്ള ഫോമുകൾ നൽകുന്നതാണ്. ഒരു നിക്ഷേപ അക്കൗണ്ട് തുറക്കുന്നതിനായി നിക്ഷേപം നടത്തുവാൻ ആഗ്രഹിക്കുന്ന വ്യക്തി സമീപിക്കുമ്പോൾ, അക്കൗണ്ട് തുറക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ മുറകൾ ബാങ്ക് ഉദ്യോഗസ്ഥൻ വിവരിക്കുകയും ആവശ്യപ്പെടുന്ന ആവശ്യമായ വിശദീകരണങ്ങൾ നൽകുകയും ചെയ്യും. നിക്ഷേപം നടത്തുവാൻ ആഗ്രഹിക്കുന്ന വ്യക്തി അക്കൗണ്ട് തുറക്കുന്നതിനുള്ള അപേക്ഷാഫോറം പൂർണ്ണമായും കൃത്യമായും പൂരിപ്പിക്കേണ്ടതാണ്.
- സേവിംഗ്സ് അക്കൗണ്ട്, കറണ്ട് അക്കൗണ്ട് എന്നിവ പോലെയുള്ള നിക്ഷേപ ഉൽപ്പന്നങ്ങൾക്കായി ഒരു നിശ്ചിത ശരാശരി ത്രൈമാസിക ബാലൻസ് (എക്യുബി)/ ശരാശരി പ്രതിമാസ ബാലൻസ് (എഎംബി) നിലനിർത്തേണ്ടത്, ഇതു പോലെയുള്ള അക്കൗണ്ടുകളുടെ ഭരണപരമായ നടത്തിപ്പിന്റെ നിയമങ്ങളുടെയും വ്യവസ്ഥകളുടെയും ഭാഗമായി, തുറക്കുന്ന അക്കൗണ്ടിന്റെ തരം അനസരിച്ച് ആവശ്യമാണ്. അക്കൗണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള എക്യുബി/എഎംബി നിലനിർത്തുന്നതിൽ പരാജയപ്പെടുമ്പോൾ ഒരു നോൺ മെയിന്റനൻസ് ചാർജ്ജ് (എൻഎംസി) ചുമത്തപ്പെടും.
- വെബ്സൈറ്റിലും (www.kotak.com)- ശാഖകളുടെ ഉള്ളിലും ചാർജ്ജുകളുടെ ക്രമപട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട്.
- സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ യോഗ്യതയുള്ള വ്യക്തിയ്ക്ക്/വ്യക്തികൾക്ക്, നിശ്ചിത സംഘടനകൾക്ക്/ ഏജൻസികൾക്ക് (റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ (ആർബിഐ) കാലാകാലങ്ങളിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതിന് വിധേയമായി) തുറക്കാവുന്നതാണ്.
- കറണ്ട് അക്കൗണ്ടുകൾ വ്യക്തികൾക്ക്/പങ്കാളിത്ത സ്ഥാപനങ്ങൾക്ക്/സ്വകാര്യ പൊതു ലിമിറ്റഡ് കമ്പനികൾക്ക്/എച്ച്‌യുഎഫ്-ന്/നിർദ്ദിഷ്ട അസോസിയേഷന്/സൊസൈറ്റികൾക്ക്/ട്രസ്റ്റുകൾക്ക് മുതലായവയ്ക്ക് തുറക്കാവുന്നതാണ്.

- ടേം ഡെപ്പോസിറ്റ് അക്കൗണ്ടുകൾ വ്യക്തികൾക്ക്/പങ്കാളിത്ത സ്ഥാപനങ്ങൾക്ക്/സ്വകാര്യ പൊതു ലിമിറ്റഡ് കമ്പനികൾക്ക്/എച്ച്‌യുഎഫ്-ന്/നിർദ്ദിഷ്ട അസോസിയേഷന്/സൊസൈറ്റികൾക്ക്/ട്രസ്റ്റുകൾക്ക് മുതലായവർക്ക് തുറക്കാവുന്നതാണ്.

- ഒരു ഡെപ്പോസിറ്റ് അക്കൗണ്ട് തുറക്കുമ്പോഴുള്ള ഡ്യൂ ഡിലിൻജൻസ് പ്രക്രിയയിൽ ഒരു വ്യക്തിയെക്കുറിച്ചുള്ള തിരിച്ചറിയൽ തൃപ്തി വരുത്തൽ, മേൽവിലാസം ഉറപ്പാക്കൽ, അദ്ദേഹത്തിന്റെ ജോലി/പ്രവർത്തന തലം, വരുമാനത്തിന്റെ ഉറവിടം മുതലായവയെക്കുറിച്ച് തൃപ്തി വരുത്തൽ എന്നിവ ഉൾപ്പെടുന്നു. ബാങ്കിന് സ്വീകാര്യമായ ഒരു വ്യക്തിയിൽ നിന്ന് നിക്ഷേപം നടത്തുവാൻ ആഗ്രഹിക്കുന്ന വ്യക്തിയെ പരിചയപ്പെടുത്തേണ്ടതും ആവശ്യമായേക്കാം. ഡ്യൂ ഡിലിൻജൻസ് പ്രക്രിയയുടെ ഭാഗമായി, അക്കൗണ്ട് തുറക്കുന്ന/പ്രവർത്തിപ്പിക്കുന്ന വ്യക്തിയുടെ/കളുടെ സമീപകാലത്ത് എടുത്ത ഒരു ഫോട്ടോ ബാങ്കിന് ആവശ്യമാണ്.

- ഡ്യൂ ഡിലിൻജൻസ് ആവശ്യകതകൾക്ക് പുറമേ, കെവൈസി ചട്ടങ്ങൾക്ക് കീഴിൽ പെർമെനന്റ് അക്കൗണ്ട് നമ്പർ (പിഎഎൻ) അല്ലെങ്കിൽ പകരമായി ഇൻകം ടാക്സ് ആക്റ്റ്/ചട്ടങ്ങളുടെ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള ഫോം നമ്പർ 60-ൽ അല്ലെങ്കിൽ 61-ൽ സത്യവാങ്മൂലം ബാങ്ക് വാങ്ങേണ്ടത് ആവശ്യമാണ്.

- ആർബിഐ അനുശാസനം അനുസരിച്ച് നിലവിലുള്ള ഇടപാടുകാരുടെ വ്യക്തിഗത വിവര സഞ്ചയം വിലയിരുത്തുമ്പോൾ, പതിവായ ഇടവേളകളിൽ പുതിയവയോ കൂടുതലായുള്ളതോ ആയ കെവൈസി പ്രമാണങ്ങൾ ബാങ്ക് ആവശ്യപ്പെടും.

**ഏക വ്യക്തി പ്രവർത്തിത അക്കൗണ്ട്**

അത്തരം ഡെപ്പോസിറ്റ് അക്കൗണ്ടുകൾ 18 വയസ്സിന് മുകളിൽ പ്രായമുള്ള ഒരു വ്യക്തിയ്ക്ക് മാത്രം തുറക്കാവുന്നതും പ്രവർത്തിപ്പിക്കാവുന്നതുമാണ്.

**സംയോജിത അക്കൗണ്ട്**

രണ്ടോ അതിലേറെയോ വ്യക്തികൾക്ക് അവരുടെ സ്വന്തം പേരുകളിൽ തുറക്കാവുന്ന ഡെപ്പോസിറ്റ് അക്കൗണ്ട് സംയോജിത അക്കൗണ്ട് ആയി അറിയപ്പെടുന്നു.

**സംയോജിത അക്കൗണ്ട് പ്രവർത്തിപ്പിക്കൽ**

ഒന്നിലധികം വ്യക്തികൾ തുറക്കുന്ന സംയോജിത അക്കൗണ്ട് താഴെപ്പറയുന്ന വിധങ്ങളിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

**രണ്ടു പേരിലൊരാളോ ശേഷിക്കുന്നയാളോ**

രണ്ട് വ്യക്തികളുടെ ഉടമസ്ഥതയിലുള്ള അക്കൗണ്ടിനാണ് ഈ രീതി ബാധകമായിരിക്കുന്നത്. ഈ രീതിയിൽ അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിൽ ഏതെങ്കിലുമൊരാൾക്കോ ശേഷിക്കുന്നയാൾക്കോ (അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിലൊരാൾക്ക് മരണം സംഭവിക്കുന്നുവെങ്കിലോ ചിത്തഭ്രമം ഉണ്ടാകുന്നുവെങ്കിലോ) അക്കൗണ്ട് പ്രവർത്തിപ്പിക്കാവുന്നതാണ്.

**ഏതെങ്കിലുമൊരാളോ ശേഷിക്കുന്നയാളോ**

രണ്ടിലധികം വ്യക്തികളുടെ ഉടമസ്ഥതയിലുള്ള അക്കൗണ്ടിനാണ് ഈ രീതി ബാധകമായിരിക്കുന്നത്. ഈ രീതിയിൽ അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിൽ ഏതെങ്കിലുമൊരാൾക്കോ ശേഷിക്കുന്നയാൾ(വർ)ക്കോ (അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിലൊരാൾക്ക് മരണം സംഭവിക്കുന്നുവെങ്കിലോ ചിത്തഭ്രമം ഉണ്ടാകുന്നുവെങ്കിലോ) അക്കൗണ്ട് പ്രവർത്തിപ്പിക്കാവുന്നതാണ്.

**സംയോജിതം**

ഈ രീതിയിൽ അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിൽ എല്ലാവരും ഒപ്പിടുന്നുവെങ്കിൽ മാത്രമേ അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നതിന് സാധിക്കുകയുള്ളു.

അക്കൗണ്ട് പ്രവർത്തിപ്പിക്കുന്ന വിധത്തിൽ മാറ്റം വരുത്തുന്നതിനായുള്ള നിർദ്ദേശം, എല്ലാ അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ള എല്ലാവരുടെയും സമ്മതത്തോടെ പുതുക്കാവുന്നതാണ്.

പ്രായപൂർത്തിയെത്താത്ത വ്യക്തി സ്വാഭാവിക രക്ഷകർത്താവിനൊപ്പം/രക്ഷകർത്താവിനൊപ്പം തുറക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, സ്വാഭാവിക രക്ഷകർത്താവിന് മാത്രമേ പ്രവർത്തിപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ.

സംയോജിത അക്കൗണ്ട് ഉടമസ്ഥർക്ക് മുകളിലത്തെ അക്കൗണ്ടുകളിലെ ബാലൻസ് താഴെപ്പറയുന്ന ഏതെങ്കിലുമൊരു വിധത്തിൽ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്:

- രണ്ടു പേരിലൊരാളോ ശേഷിക്കുന്നയാളോ: രണ്ട് വ്യക്തികൾ അക്കൗണ്ടിന്റെ ഉടമസ്ഥത വഹിക്കുന്നുവെങ്കിൽ, ഉദാഹരണമായി, എ-യും ബി-യും, അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിൽ ഏതെങ്കിലുമൊരാൾക്ക് മരണം സംഭവിക്കുന്ന പക്ഷം, ബാധകമാണെങ്കിൽ, പലിശ സഹിതമുള്ള അന്തിമ നീക്കിബാക്കി തുക ശേഷിക്കുന്നയാൾക്ക് നൽകും.

- ഏതെങ്കിലുമൊരാളോ ശേഷിക്കുന്നയാളോ: രണ്ടിലധികം വ്യക്തികൾ അക്കൗണ്ടിന്റെ ഉടമസ്ഥത വഹിക്കുന്നുവെങ്കിൽ, ഉദാഹരണമായി, എ-യും ബി-യും സി-യും, അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിൽ ഏതെങ്കിലും രണ്ട് വ്യക്തികൾക്ക് മരണം സംഭവിക്കുന്ന പക്ഷം, ബാധകമാണെങ്കിൽ, പലിശ സഹിതമുള്ള അന്തിമ നീക്കിബാക്കി തുക ശേഷിക്കുന്നയാൾക്ക് നൽകും.

- മുൻപിലത്തെയാൾ/ ശേഷിക്കുന്നയാൾ: ആദ്യം പേര് നൽകിയിട്ടുള്ള അക്കൗണ്ട് ഉടമസ്ഥന് തനിച്ച് അക്കൗണ്ട് പ്രവർത്തിപ്പിക്കുവാൻ കഴിയുകയും പണത്തിൽ പൂർണ്ണ അവകാശം ഉണ്ടായിരിക്കുകയും ചെയ്യും. മുൻപിലത്തെയാളിന്റെ മരണത്തിൽ മാത്രമേ ശേഷിക്കുന്നയാൾക്ക് അവകാശം ലഭിക്കുകയുള്ളൂ.

- ഒടുവിലത്തെ വ്യക്തി / ശേഷിക്കുന്നയാൾ: ഒടുവിലായി പേര് നൽകിയിട്ടുള്ള അക്കൗണ്ട് ഉടമയ്ക്ക് തനിച്ച് അക്കൗണ്ട് പ്രവർത്തിപ്പിക്കുവാൻ കഴിയുകയും പണത്തിൽ പൂർണ്ണ അവകാശം ഉണ്ടായിരിക്കുകയും ചെയ്യും. മുൻപിലത്തെയാളിന്റെ മരണത്തിൽ മാത്രമേ ശേഷിക്കുന്നയാൾക്ക് അവകാശം ലഭിക്കുകയുള്ളൂ.

**സംയോജിത അക്കൗണ്ട് ഉടമസ്ഥരുടെ പേര്/കൾ കൂട്ടിച്ചേർക്കൽ അല്ലെങ്കിൽ നീക്കം ചെയ്യൽ**

സംയോജിത അക്കൗണ്ടിന്റെ ഉടമസ്ഥതയുള്ളവരിൽ എല്ലാവരുടെയും അപേക്ഷയനുസരിച്ച്, സാഹചര്യങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ സംയോജിത അക്കൗണ്ട് ഉടമസ്ഥരുടെ പേര്/കൾ കൂട്ടിച്ചേർക്കൽ അല്ലെങ്കിൽ നീക്കം ചെയ്യൽ ബാങ്ക് അനുവദിച്ചേക്കാവുന്നതാണ് അല്ലെങ്കിൽ ഒരു സഹ-അക്കൗണ്ട് ഉടമസ്ഥനായി മറ്റൊരു വ്യക്തിയുടെ പേര് ചേർക്കുന്നതിന് ഒരു വ്യക്തിഗത ഡിപ്പോസിറ്ററെ അനുവദിച്ചേക്കാവുന്നതാണ്.

**പ്രായപൂർത്തിയെത്താത്ത വ്യക്തിയുടെ അക്കൗണ്ടുകൾ**

പ്രായപൂർത്തിയെത്താത്ത വ്യക്തിയുടെ പേരിലുള്ള ഒരു അക്കൗണ്ട് സ്വാഭാവിക രക്ഷകർത്താവിന് മാത്രമേ തുറക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും സാധിക്കുകയുള്ളൂ. പ്രായപൂർത്തിയെത്തുമ്പോൾ, മുൻപ് ചെറുപ്രായത്തിലായിരുന്ന വ്യക്തി, അയാളുടെ/അവരുടെ അക്കൗണ്ടിലെ ബാലൻസ് സ്ഥിരീകരിക്കുകയും അക്കൗണ്ട് സ്വാഭാവിക രക്ഷകർത്താവ്/രക്ഷകർത്താവ് ആണ് പ്രവർത്തിപ്പിച്ചിരുന്നതെങ്കിൽ, സ്വാഭാവിക രക്ഷകർത്താവ് കൃത്യമായി സ്ഥിരീകരിച്ച ഒപ്പിന്റെ പുതിയ പകർപ്പ് എടുക്കേണ്ടതും ചെറുപ്രായത്തിൽ നിന്ന് പ്രായപൂർത്തിയെത്തിയ അപേക്ഷകന്റെ ബാധകമായ കെവൈസി പ്രമാണങ്ങൾക്കൊപ്പം അക്കൗണ്ടിന്റെ പ്രവർത്തനപര ഉദ്ദേശ്യങ്ങൾക്കായി രേഖകളിൽ സൂക്ഷിക്കേണ്ടതുമാണ്.

**നിരക്ഷരനായ/അന്ധനായ വ്യക്തിയുടെ അക്കൗണ്ട്**

നിരക്ഷരനായ വ്യക്തിയുടെ കറണ്ട് അക്കൗണ്ടുകൾക്ക് പുറമേ ഡിപ്പോസിറ്റ് അക്കൗണ്ടുകൾ ബാങ്കിന്റെ വിവേചനപ്രകാരം സ്വാഭാവിക രക്ഷകർത്താവിന് മാത്രം തുറക്കാവുന്നതാണ്. ഡിപ്പോസിറ്റർക്കും ബാങ്കിനും പരിചിതനായ ഒരു സാക്ഷിയോടൊപ്പം അത്തരം ഒരു വ്യക്തി, വ്യക്തിപരമായി ബാങ്ക് സന്ദർശിക്കുന്നുവെങ്കിൽ, അത്തരം ഒരു വ്യക്തിയുടെ അക്കൗണ്ട് തുറക്കാവുന്നതാണ്. സാധാരണയായി, അത്തരം സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് ചെക്ക് ബുക്ക് സൗകര്യം നൽകുന്നതല്ല. നിക്ഷേപ തുക ഒപ്പം/അല്ലെങ്കിൽ പലിശ പിൻവലിക്കുമ്പോൾ/അടയ്ക്കുമ്പോൾ, അക്കൗണ്ട് ഉടമ അയാളുടെ/അവരുടെ തള്ളവിരലടയാളം അല്ലെങ്കിൽ മുദ്ര ആ വ്യക്തിയുടെ തിരിച്ചറിയൽ സ്ഥിരീകരിക്കുന്ന അധികാരപ്പെടുത്തപ്പെട്ട ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പതിപ്പിക്കേണ്ടതാണ്. നിരക്ഷരനായ/അന്ധനായ വ്യക്തിയുടെ അക്കൗണ്ടിന് ബാധകമായ വ്യവസ്ഥകളും നിബന്ധനകളും ബാങ്ക് ഉദ്യോഗസ്ഥൻ വിശദീകരിക്കും.

**പവർ ഓഫ് അറ്റേർണി (മുക്ത്യാർ നാമ)**

ഡിപ്പോസിറ്ററുടെ അഭ്യർത്ഥന പ്രകാരം, തന്റെ പേരിൽ അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നതിന് മറ്റൊരു വ്യക്തിയെ അധികാരപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശം/പവർ ഓഫ് അറ്റേർണി (മുക്ത്യാർ നാമ) ബാങ്ക് രജിസ്ട്രർ ചെയ്യും.

**നോമിനേഷനുള്ള സൗകര്യം**

വ്യക്തികൾ തുറക്കുന്ന എല്ലാ ഡിപ്പോസിറ്റ് അക്കൗണ്ടുകൾക്കും നോമിനേഷനുള്ള സൗകര്യം ലഭ്യമാണ്. ഒരു സോൾ പ്രൊപ്രൈറ്ററി കൺസേൺ അക്കൗണ്ടിലും നോമിനേഷൻ ലഭ്യമാണ്. ഒരു വ്യക്തിയുടെ പേരിൽ മാത്രം നോമിനേഷൻ ലഭ്യമാക്കുവാൻ കഴിയുന്നതാണ്. ഏത് സമയത്തും അക്കൗണ്ട് ഉടമയ്ക്ക്/കൾക്ക് നൽകിരിക്കുന്ന നോമിനേഷൻ റദ്ദാക്കുന്നതിനോ മാറ്റുന്നതിനോ കഴിയുന്നതാണ്. നോമിനേറ്റ് ചെയ്യുന്ന സമയത്ത്, റദ്ദാക്കൽ/ മാറ്റൽ സമയത്ത് ഒരു മൂന്നാം കക്ഷി സാക്ഷിയാകേണ്ടത് ആവശ്യമാണ്. അക്കൗണ്ട് ഉടമയുടെ/കളുടെ സമ്മതത്തോടെ നോമിനേഷനിൽ മാറ്റം വരുത്താവുന്നതാണ്. പ്രായപൂർത്തിയാകാത്ത ഒരു വ്യക്തിയ്ക്ക് അനുകൂലമായും നോമിനേഷൻ ഉണ്ടാക്കാവുന്നതാണ്. നിക്ഷേപിക്കുന്ന വ്യക്തിയുടെ/കളുടെ മരണം സംഭവിക്കുമ്പോൾ, നീക്കിബാക്കി തുക അനായാസം ഒത്തുതീർപ്പാക്കുന്നതിനായുള്ള സൗകര്യത്തിനായി എല്ലാ വ്യക്തഗത നിക്ഷേപകരും നോമിനേഷൻ സൗകര്യം പ്രയോജനപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുന്നു. നിക്ഷേപിക്കുന്ന വ്യക്തിയുടെ/കളുടെ മരണം സംഭവിക്കുമ്പോൾ, നിയമപര അവകാശികളുടെ ഒരു രക്ഷാധികാരി എന്ന നിലയിൽ അക്കൗണ്ടിലുള്ള നീക്കി ബാക്കി തുക നോമിനിയ്ക്ക് ലഭിക്കുന്നു. ഒരു നിക്ഷേപ അക്കൗണ്ട് തുറക്കുന്ന സമയത്ത് നോമിനേഷൻ സൗകര്യത്തിന്റെ പ്രയോജനങ്ങൾ നിക്ഷേപിക്കുന്ന വ്യക്തിയെ അറിയിക്കും. 2-വേ സ്വീപ്പ് ഫെസിലിറ്റി (ആക്ടീവ് മണി) വഴി തുറക്കുന്ന ടേം ഡിപ്പോസിറ്റുകൾക്കായി, സേവിംഗ്സ്/കറൻറ് അക്കൗണ്ട്-ൽ നോമിനേഷൻ സൗകര്യം പരിഗണിക്കുന്നതാണ്.

**ചെക്ക് ബുക്കുകളും ചെക്കുകളും**

സേവിംഗ്സ്, കറൻറ് ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾ ഉള്ള വ്യക്തികൾക്ക്, ബാങ്ക് സൂചിപ്പിക്കുന്ന ചാർജ്ജുകൾ ഈടാക്കിക്കൊണ്ട് ചെക്ക് ബുക്കുകൾ ബാങ്ക് നൽകിയേക്കാവുന്നതാണ്. ഇടപാടുകാരന് അദ്ദേഹത്തിന്റെ തപാൽ മേൽവിലാസത്തിൽ ചെക്ക് ബുക്ക് അയയ്ക്കും. നിയമപ്രകാരം ചില നിശ്ചിത ഇടപാടുകർക്ക് ബാങ്ക് അതിന്റെ വിവേചനമനുസരിച്ച് 'അറ്റ് പാർ' ചെക്ക് ബുക്കുകൾ നൽകിയേക്കാവുന്നതാണ്.

സേവിംഗ്സ്, കറൻറ് ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾ ഉള്ള ഏതെങ്കിലും വ്യക്തിയുടെ ഒരു കോടി രൂപയിലധികം മൂല്യമുള്ള ചെക്കുകൾ, അക്കൗണ്ടിൽ മതിയായ പണമില്ലാത്ത കാരണത്താൽ ഒരു സാമ്പത്തിക വർഷത്തിൽ നാലോ അതിലേറെ തവണയോ തിരസ്കരിക്കപ്പെടുന്നുവെങ്കിൽ, അത്തരം വ്യക്തികൾക്ക് പുതിയൊരു ചെക്ക് ബുക്ക് നൽകുന്നതിന് ബാങ്ക് വിസമ്മതിക്കാം. കൂടാതെ, ബാങ്ക് അതിന്റെ വിവേചനമനുസരിച്ച് കറൻറ് അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതുമാണ്.

പതിവായി ചെക്കുകൾ തിരസ്കരിക്കപ്പെടുന്നുവെങ്കിൽ/പ്രതിമാസം ഒരു വ്യക്തിയ്ക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന പരമാവധി ചെക്കുകളുടെ എണ്ണം കവിയുന്നുവെങ്കിൽ (വ്യക്തിഗത അക്കൗണ്ട് - 100 ചെക്ക് ലീഫുകൾ കഴിയുമ്പോൾ, വ്യക്തിഗതമല്ലാത്തവ - 500 ചെക്ക് ലീഫുകൾ കഴിയുമ്പോൾ), ചെക്ക് ബുക്ക് നൽകുന്നത് അവസാനിപ്പിക്കുന്നതിനുള്ള അവകാശവും ബാങ്കിൽ നിക്ഷിപ്തമാണ്.

നൽകിയ ശേഷം ചെക്കുകളിൽ തിരുത്തലുകൾ തടയുന്ന രീതിയിൽ ഇടപാടുകാർ ചെക്കുകൾ എഴുതേണ്ടതാണ്. ബാങ്കിന്റെ രേഖകളിലുള്ള ഒപ്പുമായി ഇടപാടുകാരൻെറ ഒപ്പ് അനുരൂപപ്പെടേണ്ടതാണ്. ചെക്കുകളിലുള്ള ഏതെങ്കിലും വിധത്തിലുള്ള തിരുത്തലുകൾ, അത്തരം തിരുത്തലുകളുടെ സമീപം ഇടപാടുകാരന്റെ ഒപ്പിട്ട് സ്ഥിരീകരിക്കേണ്ടതാണ്.

ബാങ്കിന്റെ രേഖകളിലുള്ള മാതൃകാ ഒപ്പ് അനുസരിച്ചുള്ള പൂർണ്ണമായ ഒപ്പിന് കീഴിൽ ഇടപാടുകാരൻ തിരുത്തലുകൾ സ്ഥിരീകരിക്കാത്തപക്ഷം, ഏതെങ്കിലും വിധത്തിൽ തിരുത്തലുകൾ വരുത്തിയിട്ടുള്ള ചെക്കുകളുടെ പണം നൽകുന്നതിന് വിസമ്മതിക്കുന്നതിനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

**അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ്**

സേവിംഗ്സ് ബാങ്ക്, കറൻറ് ഡിപ്പോസിറ്റ് അക്കൗണ്ട് ഉടമകൾക്ക് അക്കൗണ്ട് തുറക്കുന്നതിന്റെ വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ബാങ്ക് പതിവായി നൽകുന്നതാണ്.

**പാസ് ബുക്ക് സൗകര്യം**

ഇടപാടുകാരന്റെ നിർദ്ദിഷ്ട അഭ്യർത്ഥന അനുസരിച്ച്, വ്യക്തിഗത ഇടപാടുകാർക്ക് ബാങ്ക് പാസ് ബുക്ക് സൗകര്യം നൽകുന്നു. പാസ് ബുക്ക് സൗകര്യം പ്രയോജനപ്പെടുത്തുന്ന ഇടപാടുകാർക്ക് പൊതുവായ ചാർജ്ജുകളുടെ ക്രമപട്ടികയിൽ നിർദ്ദിഷ്ടമാക്കിയിരിക്കുന്നതുപോലെയുള്ള ചാർജ്ജുകളോടെ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് നൽകുന്നതാണ്.

**ഡയറക്ട് ഡെബിറ്റും സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷനുകളും**

ഒരു ബാങ്ക് എന്ന നിലയിൽ പതിവായി പണം അടയ്ക്കുന്നതിനായി ഇടപാടുകാരന് ഞങ്ങൾക്ക് നിർദ്ദേശം നൽകുവാൻ അനുവദിക്കുന്ന ഒരു പണം കൈമാറൽ സംവിധാനമാണ് അത്. ഉദാ: ഒരു അക്കൗണ്ടിൽ നിന്ന് മറ്റൊരു അക്കൗണ്ടിലേക്ക് പണം കൈമാറ്റം ചെയ്യൽ, ലോക്കർ ഉപയോഗത്തിനുള്ള വാടക നൽകൽ, ക്രെഡിറ്റ് കാർഡിന്റെ പണമടയ്ക്കൽ, ലൈഫ് ഇൻഷുറൻസ് പണമടയ്ക്കൽ, പണം കൈപ്പറ്റുന്നമറ്റേതെങ്കിലും വിധത്തിലുള്ള ഒരു സ്ഥിര ഗുണഭോക്താവിനുള്ള പണമടയ്ക്കൽ. കൂടുതലായി, ഈ സൗകര്യം ഇടപാടുകാരനെ ചെക്കുകൾ എഴുതുന്നതിന്റെ അസൗകര്യം ഒഴിവാക്കുന്നതിന് സഹായിക്കുന്നു.

ഈ സേവനം ലഭ്യമാക്കുന്നതിന്, നിങ്ങളുടെ ഡയറക്ട് ഡെബിറ്റ് വിജയകരമായി സാധുവാക്കേണ്ടതുണ്ട്.

**ശരാശരി ത്രൈമാസിക / പ്രതിമാസ ബാലൻസ്**

എക്യുബി - ഇടപാടുകാരൻ മൂന്നു കലണ്ടർ മാസങ്ങളിൽ നിലനിർത്തുന്ന ശരാശരി ബാലൻസ്, ശരാശരി ത്രൈമാസിക ബാലൻസ് നൽകുന്നു.

എഎംബി - ഇടപാടുകാരൻ ഒരു മാസത്തിൽ നിലനിർത്തുന്ന ശരാശരി ബാലൻസ്, ശരാശരി പ്രതിമാസ ബാലൻസ് നൽകുന്നു.

എക്യുബി-യുടെയും/എഎംബി-യുടെയും കണക്കാക്കലുകൾ താഴെ നൽകുന്നു. എക്യുബി/എഎംബി = പ്രതിമാസത്തിലുള്ള അല്ലെങ്കിൽ ത്രൈമാസികത്തിലുള്ള ഓരോ ദിവസത്തെയും ക്ലോസിംഗ് ബാലസ്സ് തുക/ ( ആ മാസത്തില് അല്ലെങ്കില് ത്രൈമാസത്തില് ഉള്ള ദിവസങ്ങളുടെ എണ്ണം)

**സേവിംഗ്സ് അക്കൗണ്ടിന്റെ പലിശ നൽകൽ**

പ്രതിദിന ഉൽപ്പാദിത അടിസ്ഥാനത്തിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ പലിശ കണക്കുകൂട്ടുന്നു.

ഏപ്രിൽ 1, 2016 മുതൽ ബാധകമായ നിലയിൽ സേവിംഗ്സ് അക്കൗണ്ട് ബാലൻസിന് നേടുന്ന പലിശ, ത്രൈമാസികാടിസ്ഥാനത്തിൽ ജൂൺ സെപ്റ്റംബർ, ഡിസംബർ, മാർച്ച് എന്നീ മാസങ്ങളിൽ ക്രെഡിറ്റ് ചെയ്യപ്പെടും.

സേവിംഗ്സ് അക്കൗണ്ടിന്റെ പലിശ നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു:

| അക്കൗണ്ട് ബാലൻസ് | പലിശ നിരക്ക് |
|---|---|
| എല്ലാ ബാലൻസുകൾക്കും | 2.50% പ്ര. വ |

**<u>ചിത്രീകരണം:-</u>**

ദിവസത്തിന്റെ അവസാനത്തെ അക്കൗണ്ട് ബാലൻസ് = രൂ. 55,00,000

എല്ലാ ബാലൻസുകൾക്കും നിശ്ചിത പലിശ = 2.50% പ്ര.വ

ആ ദിവസത്തേക്ക് അടയ്ക്കേണ്ട പലിശ കണക്കാക്കുന്ന വിധം ഃ
(55,00,000 * 2.50% * 1/365)

*നിലവിൽ ആർബിഐ സേവിംഗ്സ് അക്കൗണ്ടുകളിലെ പലിശ നിരക്കുകളിലെ നിയന്ത്രണം പിൻവലിച്ചിട്ടുള്ളതിനാൽ അത് സമയാ സമയങ്ങളിൽ മാറ്റത്തിന് വിധേയമാണ്.

**ടേം ഡിപ്പോസിറ്റുകളിലെ പലിശ നൽകൽ**

ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എല്ലാ ടേം ഡിപ്പോസിറ്റുകൾക്കായും നൽകപ്പെട്ടിട്ടുള്ള/നൽകാനുള്ള മൊത്തം പലിശയുടെ തുക, ആദായ നികുതി നിയമത്തിന് കീഴിൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള തുകയ്ക്ക് മുകളിൽ വരുന്നുവെങ്കിൽ സ്രോതസ്സിൽ നികുതി പിടിക്കുന്നതിന് ബാങ്കിന് നിയമപരമായ ബാദ്ധ്യതയുണ്ടായിരിക്കും. നികുതി പിടിക്കുന്ന തുകയ്ക്കുള്ള ഒരു നികുതി പിടിക്കൽ സർട്ടിഫിക്കറ്റ് (ടിഡിഎസ് സർട്ടിഫിക്കറ്റ്) ബാങ്ക് നൽകുന്നതാണ്. നിക്ഷേപകന് ടിഡിഎസ്-ൽ നിന്ന് ഒഴിവാക്കപ്പെടുന്നതിന് അർഹതയുണ്ടെങ്കിൽ, ടിഡിഎസ് പിടിക്കുന്നത് ഒഴിവാക്കുന്നതിനായി ഓരോ സാമ്പത്തിക വർഷത്തിന്റെയും പ്രാരംഭത്തിൽ നിർദ്ദിഷ്ട രൂപത്തിലുള്ള ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്.

ആക്ടീവ്മണി (2 വേ സ്വീപ് ഡിപ്പോസിറ്റുകൾ)-യ്ക്കായി മുതിർന്ന പൗരൻമാർ/ബാങ്ക് സ്റ്റാഫ് ഉൾപ്പടെ എല്ലാ ഇടപാടുകാർക്കും പതിവ് ടേം ഡിപ്പോസിറ്റ് നിരക്കുകൾ ബാധകമായിരിക്കും.

നിക്ഷേപം കുറഞ്ഞത് 181 ദിവസങ്ങളിലേക്കും അതിൽ കവിഞ്ഞുള്ള ഒരു കാലയളവിലേക്കുമായി ബാങ്കിൽ സൂക്ഷിക്കുന്നതിന് വിധേയമായി, ടിഡി-യ്ക്കുള്ള പലിശ ത്രൈമാസിക കാലയളവിൽ കൂട്ടുപലിശാടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്നതായിരിക്കും. 181 ദിവസങ്ങളിൽ താഴെയുള്ള കാലാവധിയിലേക്കുള്ള ടേം ഡിപ്പോസിറ്റുകളുടെ പലിശ മെച്യൂരിറ്റിയിൽ ക്രമപ്പലിശാടിസ്ഥാനത്തിൽ കണക്കാക്കപ്പെടും.

**ടേം ഡിപ്പോസിറ്റിന്റെ പലിശ കണക്കു കൂട്ടൽ സമ്പ്രദായം**

പ്രതിമാസ പലിശ നൽകൽ വിധം പ്രതിമാസ പലിശയിലുള്ള ടേം ഡിപ്പോസിറ്റിന്റെ പലിശ നിരക്ക് സാമാന്യ നിരക്കിന് വിധേയമായി കണക്കു കൂട്ടപ്പെടും.

നിക്ഷേപത്തിന്റെ തീയതിയിൽ നിന്ന് പ്രതിമാസ ഇടവേളകളിൽ പലിശ നൽകപ്പെടും. ഉദാഹരണത്തിന്, ഫെബ്രുവരി 15, 2008-ൽ നടത്തിയ നിക്ഷേപത്തിന്, മാർച്ച് 15, 2008-ൽ പലിശ നൽകപ്പെടും.

പലിശ കണക്കാക്കപ്പെടുന്നത് അധി-വർഷമല്ലാത്ത ഒരു വർഷത്തിൽ ബുക്ക് ചെയ്യപ്പെടുന്ന നിക്ഷേപങ്ങൾക്കായി 365 ദിവസങ്ങളുടെ അടിസ്ഥാനത്തിലും അധി (കലണ്ടർ) വർഷത്തിൽ ബുക്ക് ചെയ്യപ്പെടുന്ന ടേം-നിക്ഷേപങ്ങൾക്കായി 366 ദിവസങ്ങളുടെ അടിസ്ഥാനത്തിലും ആയിരിക്കും.

ത്രൈമാസിക പലിശ നൽകൽ വിധം നിക്ഷേപത്തിന്റെ തീയതിയിൽ നിന്ന് ത്രൈമാസിക ഇടവേളകളിൽ പലിശ നൽകപ്പെടും. ഉദാഹരണത്തിന്, ഫെബ്രുവരി 15, 2008-ൽ നടത്തിയ നിക്ഷേപത്തിന്, മാർച്ച് 15, 2008-ൽ പലിശ നൽകപ്പെടും.

പലിശ കണക്കാക്കപ്പെടുന്നത് അധി-വർഷമല്ലാത്ത ഒരു വർഷത്തിൽ ബുക്ക് ചെയ്യപ്പെടുന്ന നിക്ഷേപങ്ങൾക്കായി 365 ദിവസങ്ങളുടെ അടിസ്ഥാനത്തിലും അധി (കലണ്ടർ) വർഷത്തിൽ ബുക്ക് ചെയ്യപ്പെടുന്ന ടേം-നിക്ഷേപങ്ങൾക്കായി 366 ദിവസങ്ങളുടെ അടിസ്ഥാനത്തിലും ആയിരിക്കും.

സഞ്ചിത പലിശ നൽകൽ വിധം (കാലാവധിയെത്തുമ്പോൾ) സഞ്ചിത നിക്ഷേപത്തിന് കീഴിൽ, പലിശ ത്രൈമാസിക ഇടവേളകളിൽ കൂട്ടിച്ചേർക്കപ്പെടും. അതായത്, ഒരു ത്രൈമാസിക കാലയളവിൽ സമ്പാദിച്ച പലിശ, തുടർന്നു വരുന്ന ത്രൈമാസിക കാലയളവിൽ പലിശ കണക്കാക്കുന്നതിനായി തുടക്കത്തിൽ നിക്ഷേപിച്ച തുകയോട് ചേർക്കും. ത്രൈമാസിക പലിശ കണക്കാക്കുന്നതിനുള്ള സൂത്രവാക്യം, ത്രൈമാസിക പലിശ നൽകൽ വിധത്തിനോട് സമാനമായിരിക്കും.

ചിത്രീകരണം

| ത്രൈമാസിക | മുതൽ തുക | പലിശ | അടുത്ത ത്രൈമാസിക കാലയളവിലേക്കുള്ള മുതൽ തുക |
|---|---|---|---|
| 1 | 100 | 2 | 102 |
| 2 | 102 | 2.04 | 104.04 |
| 3 | 104.04 | 2.08 | 106.12 |

നിക്ഷേപത്തിന്റെ കാലാവധി എത്തുന്നതു വരെ തുടർന്നുള്ള ത്രൈമാസിക കാലയളവിലേയ്ക്കുള്ള കണക്കാക്കൽ അതേ രീതിയിൽ തന്നെ തുടരും. മുകളിലത്തെ ചിത്രീകരണം ടിഡിഎസ്-ന്റെ പ്രഭാവം കണക്കിലെടുക്കാതെയുള്ളതാണ്. നിക്ഷേപത്തിന്റെ കാലയളവ് 181 ദിവസങ്ങളേക്കാൾ അല്ലെങ്കിൽ രണ്ട് ത്രൈമാസിക കാലയളവിലേക്കാൾ കുറവാണെങ്കിൽ, സഞ്ചിത പലിശ നിക്ഷേപത്തിന് നൽകുന്നതല്ല.

**മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾ (60 വയസ്സ് അല്ലെങ്കിൽ അതിന് മുകളിൽ)**

മുതിർന്ന പൗരൻമാർ നടത്തുന്ന സ്ഥിര നിക്ഷേപങ്ങൾക്കായി കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്നത് അനുസരിച്ച് ഉയർന്ന പലിശ നിരക്ക് ബാങ്ക് വാഗ്ദാനം ചെയ്യുന്നു. മുതിർന്ന പൗരൻമാർ നടത്തുന്ന സ്ഥിര നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട ബാധകമായ ആദായ നികുതി ചട്ടങ്ങളും ബാങ്ക് പാലിക്കുന്നുണ്ട്.

**സ്രോതസ്സിൽ നികുതി പിടിക്കൽ (ടിഡിഎസ്)**

1961-ലെ ഐടി ആക്റ്റ്-ൽ നിർദ്ദേശിച്ചിട്ടുള്ളതു പോലെ, നടപ്പു സാമ്പത്തിക വർഷത്തിൽ നിക്ഷേപകന് നൽകുന്ന പലിശ ആദായ നികുതി നൽകേണ്ട പരിധി മറികടക്കുന്നുവെങ്കിൽ, ടിഡിഎസ് ബാധകമായിരിക്കും. നിലവിൽ ഈ പരിധി രൂ.40,000/-ആണ്. ടിഡിഎസ്-ന്റെ നിരക്ക് ഐടി ആക്റ്റ്-ൽ നിർദ്ദേശിച്ചിട്ടുള്ളതു പോലെയായിരിക്കും.

**ടിഡിഎസ്-ൽ നിന്നുള്ള ഒഴിവാകൽ**

താഴെപ്പറയുന്ന ഫോമുകൾ സമർപ്പിക്കുന്നത് വഴി ഐടി ആക്റ്റ്-ലെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ച് ടിഡിഎസ്-ൽ നിന്നുള്ള ഒഴിവാകൽ സാധ്യമാണ്.

ഫോം 15ജി നിക്ഷേപകൻ നികുതി നൽകുന്നതിന് ബാദ്ധ്യത ഉണ്ടാകാൻ ഇടയില്ലായെന്നും അതിനാൽ ടിഡിഎസ്-ൽ നിന്നും ഒഴിവാകൽ ആഗ്രഹിക്കുന്നുവെന്നും പ്രസ്താവിക്കുന്ന സത്യവാങ്മൂലം ആണ് ഇത്. മുതിർന്ന പൗരൻമാർ ഒഴികെയുള്ള മറ്റൊരു വ്യക്തി (ഒരു കമ്പനിയോ ഒരു സ്ഥാപനമോ അല്ലാതെയുള്ള)-യ്ക്കാണ് ഫോം 15ജി ബാധകമായിട്ടുള്ളത്.

ഫോം 15എച്ച് നിക്ഷേപകന് നികുതി നൽകുന്നതിന് ബാധ്യത ഉണ്ടാകാൻ ഇടയില്ലായെന്നും അതിനാൽ ടിഡിഎസ്-ൽ നിന്നും ഒഴിവാകൽ ആഗ്രഹിക്കുന്നുവെന്നും പ്രസ്താവിക്കുന്ന സത്യവാങ്മൂലം ആണ് ഇത്. മുതിർന്ന പൗരൻമാരായ (അതായത്, 65 വയസ്സ് അല്ലെങ്കിൽ അതിന് മുകളിൽ പ്രായമുള്ള വ്യക്തികൾ) സ്ഥിരനിവാസികളായ വ്യക്തികൾ (ഒരു കമ്പനിയോ ഒരു സ്ഥാപനമോ അല്ലാതെയുള്ള)-ക്കാണ് ഫോം 15എച്ച് ബാധകമായിട്ടുള്ളത്.

ഐടി ഉദ്യോഗസ്ഥനിൽ നിന്നുള്ള ഒഴിവാകൽ സാക്ഷ്യപ്പെടുത്തൽ - ഫോം 15എഎ ഐടി ആക്ട്-ലെ സെക്ഷനിൽ പരാമർശിച്ചിരിക്കുന്ന, മുൻവർഷത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതോ നൽകപ്പെട്ടതോ ക്രെഡിറ്റ് ചെയ്യപ്പെടുന്നതിന് അല്ലെങ്കിൽ നൽകപ്പെടുന്നതിന് സാദ്ധ്യതയുള്ളതോ ഏതെങ്കിലും വരുമാനം/ങ്ങളുടെ ശരാശരി, നികുതി അടയ്ക്കേണ്ടാത്ത തുകയുടെ പരമാവധി കവിയുന്നുവെങ്കിൽ,വ്യവസ്ഥകൾ ബാധകമല്ലാതായിരിക്കുകയും നികുതിയ്ക്കായി വിലയിരുത്തപ്പെടുന്ന വ്യക്തി ഫോം 15ജി സത്യവാങ്മൂലം സമർപ്പിക്കുന്നതിന് അർഹതയില്ലാതായിരിക്കുകയും ചെയ്യുന്നതുമാണ് എന്നും ഐടി ആക്ട് പ്രസ്താവിക്കുന്നുണ്ട്. ഇത്തരം സംഭവങ്ങളിൽ, ഐടി ഓഫീസറുടെ പക്കൽ നിന്നും ഒരു പ്രത്യേക ഒഴിവാക്കൽ കത്ത് സമർപ്പിക്കേണ്ടത് ആവശ്യമാണ്. ആദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള ട്രസ്റ്റുകൾ/ സൊസൈറ്റികൾ, മുതലായവ പോലെയുള്ള സ്ഥാപനങ്ങൾ, തങ്ങൾക്ക് സാമ്പത്തിക വർഷത്തിൽ നൽകപ്പെട്ടതോ നൽകപ്പെടുന്നതിന് സാദ്ധ്യതയുള്ളതോ ആയ പലിശ നികുതി അടയ്ക്കേണ്ടാത്ത തുകയുടെ പരമാവധി കവിയുന്നതിന് സാദ്ധ്യതയുണ്ടെങ്കിൽ, ഈ കത്ത്/ഫോം 15എഎ സമർപ്പിക്കേണ്ടത് ആവശ്യമാണ്.

**ടേം ഡിപ്പോസിറ്റ് അകാലത്തിൽ പിൻവലിക്കൽ**

ഇടപാടുകാരന് യഥാർത്ഥ കാലാവധിയെത്തൽ തീയതിയ്ക്ക് മുൻപായി നിക്ഷേപം ഭാഗികമായി/പൂർണ്ണമായി പിൻവലിക്കാവുന്നതാണ്. അകാലത്തിൽ പിൻവലിക്കൽ നടത്തുന്നുവെങ്കിൽ, നിക്ഷേപം നടത്തിയ തീയതിയിൽ നിലവിലുള്ള നിരക്കിൽ, നിക്ഷേപം ബാങ്കിൽ നിലനിന്നിരുന്ന കാലാവധിയിലേക്ക് അല്ലെങ്കിൽ കോൺട്രാക്റ്റഡ് നിരക്കിൽ, അകാലത്തിൽ പിൻവലിക്കലിന് ബാധകമായ പിഴയുടെ തുക വെട്ടിക്കുറച്ചതിന് ശേഷം ഏതാണോ കുറഞ്ഞത് അത്, നവംബർ 1, 2012-ൽ അല്ലെങ്കിൽ അതിന് ശേഷം ബുക്ക് ചെയ്യപ്പെട്ട/പുതുക്കപ്പെട്ട ടേം ഡിപ്പോസിറ്റുകൾക്ക് താഴത്തെപ്പോലെ പലിശ നൽകപ്പെടും.

ടേം ഡിപ്പോസിറ്റിന്റെ കാലാവധി പിഴ

181 ദിവസങ്ങളിൽ കുറഞ്ഞ് ബാധകമല്ല

181 ദിവസങ്ങളോ അതിലേറെയോ 0.50%

(ഉദാഹരണമായി, ടിഡി തുക രൂ.15 ലക്ഷം ആണെന്ന് ഊഹിക്കുക, 1 മുതൽ 2 വർഷത്തേയ്ക്കായി നിരക്ക് 10%-വും 2 മുതൽ 3 വർഷത്തേയ്ക്കായി നിരക്ക് 9.50%-വും. ഒരു ഇടപാടുകാരൻ 2 വർഷം 1 ദിവസം (അതായത്, നിരക്ക് 9.50%) -ത്തേയ്ക്കായി ഒരു നിക്ഷേപം ബുക്കു ചെയ്യുന്നു. 1 വർഷത്തിന് ശേഷം ഇടപാടുകാരൻ ടിഡി പണമാക്കി മാറ്റുന്നുവെങ്കിൽ, പലിശ 9% നിരക്കിൽ നൽകും (കോൺട്രാക്റ്റഡ് നിരക്കിന്റെ/നിക്ഷേപം നടത്തിയിരുന്ന കാലയളവിൽ ബാധകമായിരുന്ന നിരക്കിന്റെ കുറഞ്ഞ തുകയും 0.50% പിഴയും). ഭാഗികമായി അകാലത്തിൽ പിൻവലിക്കൽ നടത്തുന്നുവെങ്കിൽ, യഥാർത്ഥ നിക്ഷേപ തുകയുടെ തീയതിയിൽ നിലവിലുണ്ടായിരുന്ന നിരക്കിൽ ബാക്കിയുള്ള തുക പലിശ തുടർന്നും നേടിക്കൊണ്ടിരിക്കും).

181 ദിവസങ്ങൾ അല്ലെങ്കിൽ അതിന് മുകളിൽ കാലാവധിയുള്ളതും സേവിംഗ്/കറന്റ് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുള്ളതുമായ സ്റ്റാൻഡ്എലോൺ ടേം ഡിപ്പോസിറ്റുകൾ, റെഗുലർ സ്വീപ് ഡിപ്പോസിറ്റ് സംവിധാനമനുസരിച്ച് പരിഗണിക്കപ്പെടുകയും മുകളിലത്തെപ്പോലെ പിഴ ചുമത്തപ്പെടുകയും ചെയ്യും.

**ടേം ഡിപ്പോസിറ്റുകളുടെ പണം ലഭിക്കൽ/പുതുക്കൽ**

ഡിപ്പോസിറ്റ് ബുക്ക് ചെയ്യുന്ന സമയത്ത് മെച്യൂരിറ്റിയേയും പണം ലഭിക്കലിനേയും കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകേണ്ടത് നിർബന്ധിതമാണ്. ഇടപാടുകാരന് പണം, ബാങ്കിലെ അദ്ദേഹത്തിന്റെ കറന്റ്/സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സ്വീകരിക്കുന്നതിന് തിരഞ്ഞെടുക്കാവുന്നതും അല്ലെങ്കിൽ ബാങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സമ്പർക്ക മേൽവിലാസത്തിൽ ഡിഡി/ബിസി അയയ്ക്കുന്നതിന് ബാങ്കിനോട് അപേക്ഷിക്കാവുന്നതുമാണ്. നിക്ഷേപത്തിന്റെ കാലയളവിൽ ഏത് സമയത്തും മെച്യൂരിറ്റി നിർദ്ദേശങ്ങൾ ഇടപാടുകാരന് മാറ്റുന്നതിന് സാധിക്കും. ഈ നിർദ്ദേശങ്ങൾ സൂക്ഷിക്കുകയും മെച്യൂരിറ്റിയുടെ സമയത്ത് നടപ്പിലാക്കുകയും ചെയ്യും.

**ടേം ഡിപ്പോസിറ്റിന് എതിരെയുള്ള ഓവർഡ്രാഫ്റ്റ്**

ഉറപ്പിനായി വാങ്ങുന്ന ആവശ്യമായ പ്രമാണങ്ങൾ സ്വീകരിച്ചു കൊണ്ട്, നിക്ഷേപകന്റെ/രുടെ കൃത്യമായി സൂക്ഷിച്ചിരിക്കുന്ന ടേം ഡിപ്പോസിറ്റിന് എതിരേ, ലോൺ/ഓവർഡ്രാഫ്റ്റ് സൗകര്യം നൽകുന്നതിനുള്ള നിക്ഷേപകന്റെ/രുടെ അപേക്ഷ ബാങ്ക് പരിഗണിച്ചേക്കാം. പ്രായപൂർത്തിയെത്താത്ത ഒരു വ്യക്തിയുടെ പേരിലുള്ള ഒരു നിക്ഷേപത്തിനെതിരേ ലോൺ നൽകുന്നതിനുള്ള അപേക്ഷയും ബാങ്ക് പരിഗണിച്ചേക്കാം. എന്നാൽ, പ്രായപൂർത്തിയെത്താത്ത ആ വ്യക്തിയുടെ പ്രയോജനത്തിന് വേണ്ടിയാണ് ലോൺ എന്ന് പ്രസ്താവിക്കുന്ന അനുയോജ്യമായ ഒരു സത്യവാങ്മൂലം നിക്ഷേപകൻ/അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.

റിക്കറിംഗ് ഡിപ്പോസിറ്റ്

**പലിശ നൽകൽ**

- ഇൻഡ്യൻ ബാങ്ക് അസോസിയേഷൻ-ന്റെ നിർദ്ദേശിച്ചിരിക്കുന്ന സമ്പ്രദായം അനുസരിച്ചായിരിക്കും ബാങ്ക് ആർഡി-യുടെ പലിശ കണക്കാക്കുന്നത്.
- ആർഡി-യുടെ പലിശ നിരക്കുകൾ, ആർഡി ബുക്ക് ചെയ്യുന്ന തീയതിയിൽ ടേം ഡിപ്പോസിറ്റിന് ബാധകമായ നിരക്കുകൾക്ക് തത്തുല്യമായ രീതിയിലായിരിക്കും.
- ആർഡി-യുടെ പലിശ ബാധകമായ നിരക്കുകളിൽ, ത്രൈമാസിക കാലയളവിലായിരിക്കും കണക്കു കൂട്ടുന്നത്.

**തവണകളായിട്ടുള്ള പണം അടയ്ക്കൽ:**

- തവണകളായിട്ടുള്ള തുക ഒരിക്കൽ ഉറപ്പിച്ചു കഴിഞ്ഞാൽ പിന്നീട് മറ്റൊരു തീയതിയിൽ മാറ്റം വരുത്തുന്നതിന് അനുവദിക്കുന്നതല്ല.
- പണം അടയ്ക്കുന്ന സമയത്ത് ഒന്നിൽ കൂടുതൽ തവണകൾ മുടങ്ങിയിട്ടുണ്ടെങ്കിൽ, അടച്ച തുക ഒരു ഗഡു മാത്രം അടയ്ക്കുന്നതിന് പര്യാപ്തമാണെങ്കിൽ, മുടങ്ങിയിട്ടുള്ള ആദ്യത്തെ/മുൻപായിട്ടുള്ള ഗഡുവായി പരിഗണിക്കുകയും വകയിരുത്തുകയും ചെയ്യും.
- തവണകളുടെ ഭാഗികമായിട്ടുള്ള / മുൻകൂട്ടിയുള്ള പണം അടയ്ക്കൽ അനുവദിക്കുന്നതല്ല.
- തവണകൾ അടയ്ക്കുന്നതിന് മതിയായ ബാലൻസ് അവന്റെ/അവളുടെ/അവരുടെ അക്കൗണ്ടിൽ നിലനിർത്തുന്നതിനായി ഇടപാടുകാരനെ (കാരെ) അറിയിക്കുന്നത് ബാങ്കിന്റെ ഉത്തരവാദിത്വമല്ല.

**യോഗ്യത:**

- സ്ഥിരവാസിയായ വ്യക്തികൾക്കും (പ്രായപൂർത്തിയെത്താത്തവർ ഉൾപ്പടെ) എച്ച്‌യുഎഫ്-നും.

**മെച്ച്യൂരിറ്റി:**

- തവണകൾ അടയ്ക്കുന്നതിന് ബാക്കിയുണ്ടെങ്കിൽ പോലും ഉടമ്പടിയുടെ കാലയളവിന്റെ പൂർത്തീകരണത്തിൽ ഡിപ്പോസിറ്റ് കാലാവധിയെത്തുകയും അത്തരത്തിൽ പണം അടയ്ക്കാതിരുന്നതിനുള്ള ബാധകമായ പിഴയുടെ പലിശ നിരക്കുകളുടെ തുക തട്ടിക്കിഴിച്ചതിന് ശേഷം റീപേമെന്റിനായി ലഭ്യമാകുകയും ചെയ്യും.
- ഒരു മാസത്തിനുള്ളിൽ ഈ ഡിപ്പോസിറ്റ് അകാലത്തിൽ ക്ലോസ് ചെയ്യുന്നുവെങ്കിൽ, പലിശയൊന്നും നൽകാതെ മുതൽ തുക മാത്രം മടക്കി നൽകും.
- ആർഡി അഡ്വൈസ്-ൽ പരാമർശിച്ചിരിക്കുന്ന മെച്യൂരിറ്റി തുക, എല്ലാ തവണകളും യഥാ സമയം അടച്ചു തീർക്കുന്നതിന് വിധേയമാണ്.

**തവണകളായിട്ടുള്ള പണം അടയ്ക്കൽ വൈകിയാലുള്ള പിഴ**

- പണമടയ്ക്കുന്നതിനുള്ള അവസാന തീയതി കഴിഞ്ഞതിന് ശേഷം 5 ദിവസത്തേക്കു കൂടിയുള്ള ആശ്വാസ സമയം പിന്നിട്ട് കഴിയുമ്പോൾ ആർഡി പലിശ നിരക്ക് (ആർഡി ബുക്ക് ചെയ്ത സമയത്ത് ഉടമ്പടി ചെയ്ത പലിശ നിരക്ക്)-ലുള്ള പിഴയുടെ പലിശ + 2% പ്ര. വ. അല്ലെങ്കിൽ ബാങ്ക് സമയാസമയങ്ങളിൽ നിർദ്ദിഷ്ടമാക്കുന്ന മറ്റേതെങ്കിലും നിരക്ക്, വൈകിയ മാസത്തിന് ചുമത്തപ്പെടും.
- അത്തരം പലിശ കണക്കാക്കുന്നതിനായി ഒരു മാസം ഭാഗികമാണെങ്കിലും ഒരു പൂർണ്ണ മാസമായി പരിഗണിക്കും.
- ഒരു മാസം പണമടച്ചുവെങ്കിലും, ഗഡു വീണ്ടെടുക്കുന്നതിനായുള്ള സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻ പരാജയപ്പെടുന്നുവെങ്കിൽ, സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻ പരാജയപ്പെട്ടതിനുള്ള ഒരു തുക കറന്റ്/സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്ന് ജനറൽ ഫീച്ചേഴ്സ് ആൻഡ് ഷെഡ്യൂൾ ഓഫ് ചാർജസ് (ജിഎഫ്എസ്‌സി) പ്രകാരം ഈടാക്കും.
- പിഴയായി ചുമത്തപ്പെടുന്ന മൊത്തം പലിശ, ബാങ്ക് നൽകേണ്ട മൊത്തം പലിശയിൽ നിന്ന് വെട്ടിക്കുറയ്ക്കാവുന്നതും, മെച്യൂരിറ്റിയുടെ സമയത്തോ അകാലത്തിൽ അക്കൗണ്ട് ക്ലോസ് ചെയ്യുമ്പോഴോ മാത്രം, ഏതാണോ സാഹചര്യം അതിന് അനുസരണമായി, വീണ്ടെടുക്കാവുന്നതുമാണ് .

**ആർഡി-യുടെ അകാലത്തിലുള്ള പിൻവലിക്കൽ**

- ഒരു മാസത്തിനുള്ളിൽ ഈ നിക്ഷേപം അകാലത്തിൽ ക്ലോസ് ചെയ്യുകയാണെങ്കിൽ, പലിശയൊന്നും നൽകുകയില്ല; അടച്ച തുക മാത്രം തിരികെ ലഭിക്കും.
- ആർഡി അകാലത്തിൽ പിൻവലിക്കുമ്പോൾ. ബാങ്കിൽ നിക്ഷേപം ശേഷിക്കുന്ന കാലയളവോളം നിക്ഷേപം നടത്തിയ തീയതിയിൽ നിലവിലുള്ള നിരക്കിൽ അല്ലെങ്കിൽ ഉടമ്പടി നിരക്കിൽ, നിക്ഷേപത്തിന്റെ അകാലത്തിലെ പിൻവലിക്കലിൽ പിഴയായ 0.5% വെട്ടിക്കുറച്ചതിന് ശേഷം ഏതാണോ കുറവ് അതനുസരിച്ച് പലിശ നൽകുന്നതായിരിക്കും.

വിദേശ നാണ്യ വിനിമയം കൈകാര്യം ചെയ്യുന്നതിന് അധികാരപ്പെടുത്തിക്കൊണ്ട്, ഇൻഡ്യയിലുടനീളം തിരഞ്ഞെടുക്കപ്പെട്ട ശാഖകളിൽ (ബി തരം) വിദേശ നാണ്യ സേവനങ്ങൾ വിപുലീകരിച്ചിട്ടുണ്ട്.

- ട്രാവലേഴ്സ് ചെക്ക് (ടിസി)
- വിദേശ നാണയത്തിലുള്ള പണം വാങ്ങൽ/വിൽപ്പന
- വയർ ട്രാൻസ്ഫർ
- ഡിമാൻഡ് ഡ്രാഫ്റ്റുകൾ

**ട്രാവലേഴ്സ് ചെക്കുകൾ**
നിലവിൽ, ട്രാവലേഴ്സ് ചെക്കുകൾ ബാങ്ക് താഴെപ്പറയുന്ന നാല് മുഖ്യ കറൻസികളിൽ നൽകുന്നുണ്ട്. അതായത്, വിദേശത്ത് യാത്ര ചെയ്യുന്ന അവസരത്തിൽ യുഎസ്ഡി, ജിബിപി, ജെപിവൈ, യൂറോ എന്നീ കറൻസികളിൽ പണം ഇടപാടുകാർക്ക് ലഭ്യമാക്കാൻ കഴിയും. കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതു പോലെ എഫ്ഇഎംഎ/ആർബിഐ നിയന്ത്രണങ്ങൾക്ക് വിധേയമായാണ് അത്തരം ട്രാവലേഴ്സ് ചെക്കുകൾ നൽകുന്നത്.

**ചെക്കുകൾ**
ഞങ്ങളുടെ ഇടപാടുകാരൻ എന്ന നിലയിൽ എല്ലാ കറൻസികളിലും നിങ്ങൾക്ക് ചെക്കുകൾ നിക്ഷേപിക്കുവാൻ സാധിക്കും. നിങ്ങളുടെ കോട്ടക്ക് മഹീന്ദ്രാ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ട ഒരു ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ ചെക്ക് താഴെ നൽകിയിരിക്കുന്ന മേൽവിലാസത്തിൽ തപാലിൽ അയച്ചാൽ മാത്രം മതിയാകും. നിങ്ങളുടെ വിദേശ ബാങ്കിൽ നിന്നും ഞങ്ങൾ പണം ശേഖരിക്കുകയും നിങ്ങളുടെ അക്കൗണ്ടിൽ നിക്ഷപിക്കുകയും ചെയ്യുകയും ചെയ്യും: എൻആർഐ സർവ്വീസ് സെന്റർ, കോട്ടക്ക് മഹീന്ദ്രാ ബാങ്ക് ലി., 5-ാം നില, വിനയ് ഭവ്യ കോംപ്ലക്സ്, സി.എസ്.ടി. റോഡ്, സാന്താക്രൂസ് ഈസ്റ്റ്, മുംബൈ-400 098, ഇൻഡ്യ. ചെക്കിന്റെ മൂല്യത്തിലുള്ള തുക നിങ്ങളുടെ അക്കൗണ്ടിൽ നിക്ഷപിക്കുന്നതിന് എടുക്കേണ്ടി വരുന്ന സമയം, ചെക്ക് പണമാക്കി മാറുന്ന കറൻസിയേയും രാജ്യം/സ്ഥലത്തേയും ആശ്രയിച്ചിരിക്കും. ഇതിനായി ഞങ്ങളുടെ നോസ്ട്രോ അക്കൗണ്ടിൽ ക്രെഡിറ്റ് കാണപ്പെടുന്ന തീയതി മുതൽ 6 മുതൽ 21 പ്രവർത്തി ദിവസങ്ങൾ എടുക്കാം.

**വിദേശ നാണ്യത്തിലുള്ള പണം**
താൽപ്പര്യമുള്ള ഇടപാടുകാർക്ക് യുഎസ്ഡി, യൂറോ, ജിബിപി, ജെപിവൈ, കനേഡിയൻ ഡോളർ, ഓസ്ട്രേലിയൻ ഡോളർ എന്നീ കറൻസികളിൽ, വിദേശ കറൻസി പണം ലഭ്യമാക്കുന്നു. വിൽക്കപ്പെടുന്ന വിദേശ കറൻസിയുടെ അളവ് കാലാകാലങ്ങളിലെ ആർബിഐ അനുശാസിക്കുന്ന ചട്ടങ്ങളനുസരിച്ച് ആയിരിക്കും.

**വിദേശ കറൻസിയിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റുകൾ**
എഫ്ഇഎംഎ അനുസരിച്ച് താഴെപ്പറയുന്ന ഉദ്ദേശ്യങ്ങൾക്കായി, വിദേശ നാണ്യ വിനിമയ ഇടപാടുകൾ നടത്തുന്നതിന് എഫ്സിവൈ ഡിഡി സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്:

- ഒരു സുഹൃത്തിനോ ബന്ധുവിനോ ഒരു സമ്മാനമായി നൽകുന്നതിനുള്ള പണമടയ്ക്കൽ
- ടോഫൽ, ജിമാറ്റ് തുടങ്ങിയ വിവിധ പ്രവേശന പരീക്ഷകൾക്കായുള്ള അപേക്ഷാഫോറത്തിന് പണമടയ്ക്കൽ
- വിദേശ സർവകലാശാലയുടെ ഫീസിനായി പണമടയ്ക്കൽ
- വിദേശത്ത് വൈദ്യചികിൽസയ്ക്കായി പണമടയ്ക്കൽ
- ആർബിഐ മാർഗ്ഗരേഖയനുസരിച്ച് അനുവദനീയമായ മറ്റേതെങ്കിലും ഉദ്ദേശ്യത്തിനായി

എഫ്സിവൈ ഡിമാന്റ് ഡ്രാഫ്റ്റുകൾ ഞങ്ങളുടെ ശാഖകളിൽ നാല് കറൻസികളിലായി നൽകപ്പെടുന്നുണ്ട്: യുണൈറ്റഡ് സ്റ്റേറ്റ്സ് ഡോളർ (യുഎസ്ഡി), ഗ്രേറ്റ് ബ്രിട്ടൻ പൗണ്ട് (ജിബിപി), യൂറോ, ജാപ്പനീസ് യെൻ (ജെപിവൈ).

**ഫിസിംഗ്:**
ഒരു വെബ്സൈറ്റ് വഴി നിർണ്ണായകസ്വഭാവമുള്ളതും രഹസ്യാത്മകവുമായ വിവരങ്ങൾ ആർജ്ജിക്കുന്നതിനായി നടത്തുന്ന വഞ്ചനാപരമായ ഒരു കുറ്റകൃത്യത്തിന്റെ പ്രവർത്തി വിവരിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു പദമാണ് ഇത്. വിശ്വാസയോഗ്യമെന്ന് തെറ്റിദ്ധരിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള വെബ്സൈറ്റുകളിലൂടെ യൂസർ നെയിമുകൾ, പാസ്‌വേർഡുകൾ, അക്കൗണ്ടിന്റെ വിവരങ്ങൾ, ക്രെഡിറ്റ് കാർഡ് നമ്പറുകൾ മുതലായവ പോലെയുള്ള രഹസ്യാത്മക വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് ഉപയോക്താക്കളെ വഴിതെറ്റിക്കുന്നു.

ഫിസിംഗിൽ നിന്നും നിങ്ങളെ സ്വയം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:

- നിങ്ങളുടെ ബ്രൗസർ അഡ്രസ്സ് ബാറിൽ ഞങ്ങളുടെ യുആർഎൽ എപ്പോഴും ടൈപ്പ്ചെയ്ത് ബാങ്കിന്റെ വെബ്സൈറ്റ് (www.kotak.com) സന്ദർശിക്കുക.
- ഇ-മെയിലുകൾ വഴിയുള്ള വ്യക്തിപര വിവരങ്ങൾക്കായുള്ള ഏതെങ്കിലും അപേക്ഷകൾക്ക് മറുപടി നൽകാതിരിക്കുക.
- ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുന്ന സമയത്ത് നിങ്ങളുടെ ബ്രൗസറിന്റെ താഴെയായി ഒരു പാഡ്‌ലോക്ക് അടയാളം എപ്പോഴും നോക്കുക.
- ഞങ്ങളുമായി സമ്പർക്കം പുലർത്തുന്നതിലൂടെ ഏതെങ്കിലും വിധത്തിലുള്ള ദുരുപയോഗം നിങ്ങളുടെ അടുത്തുള്ള ശാഖയിലോ അല്ലെങ്കിൽ ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ കോൺടാക്റ്റ് സെന്ററിലോ വിളിച്ച് റിപ്പോർട്ട് ചെയ്യുക. bank@kotak.com-ൽ ഒരു ഇ-മെയിൽ അയയ്ക്കുന്നതു വഴിയും സംശയിക്കപ്പെടുന്ന ദുരുപയോഗത്തിന്റെ ഏതെങ്കിലും സംഭവം നിങ്ങൾക്ക് ഞങ്ങളെ അറിയിക്കുവാൻ കഴിഞ്ഞേക്കാവുന്നതാണ്.

**സ്പൂഫിംഗ്:**
നിർണ്ണായകസ്വഭാവമുള്ള വിവരങ്ങൾ നിയമവിരുദ്ധമായ രീതിയിൽ നേടുന്നതിന് ആൾമാറാട്ടം നടത്തുന്ന വഞ്ചനാപരമായ ഒരു പ്രവർത്തി വിവരിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു പദമാണ് ഇത്. ഇ-മെയിൽ അയയ്ക്കുന്ന വ്യക്തിയുടെ യഥാർത്ഥ തിരിച്ചറിയൽ മറച്ചുവെച്ചു കൊണ്ട്, അധികാരപ്പെടുത്തപ്പെട്ട വിശ്വാസ്യയോഗ്യതയുള്ള ഒരു വ്യക്തിയായി അല്ലെങ്കിൽ സ്ഥാപനമായി ആൾമാറാട്ടം നടത്തുന്നതിലൂടെ രഹസ്യാത്മകസ്വഭാവമുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നതിനായി ഉപയോക്താക്കളെ കബളിപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള ഒരു തന്ത്രമാണ് ഒരു ഇ-മെയിൽ സ്പൂഫ്. സാധാരണയായി ഇ-മെയിലിന്റെ ഉൽഭവ സ്ഥാനം നിയമാനുസൃതമായി സാധുതയുള്ള ഒരു വിലാസത്തിൽ നിന്നാണെന്ന് തോന്നിപ്പിക്കുമെങ്കിലും മറുപടി നൽകുന്നതിനുള്ള വിലാസത്തിൽ യഥാർത്ഥത്തിൽ തട്ടിപ്പ് നടത്തുന്ന വ്യക്തിയുടെ വിലാസം അടങ്ങിയേക്കാം. നിർണ്ണായകസ്വഭാവമുള്ള വിവരങ്ങൾ പങ്കു വെക്കുന്നതിന് ഉപയോക്താക്കളെ കബളിപ്പിക്കുന്നതിനായി, അറിയപ്പെടുന്ന ഒരു വെബ്സൈറ്റിനെ ഒരു തട്ടിപ്പ് സ്ഥാപനം അനുകരിക്കുന്ന വഞ്ചനാപരമായ ഒരു പ്രവർത്തിയാണ് ഒരു വെബ്സൈറ്റ് സ്പൂഫ്.

സ്പൂഫിംഗിൽ നിന്നും നിങ്ങളെ സ്വയം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:

- ഏതെങ്കിലും വ്യക്തിപര വിവരങ്ങൾ ഒരു ഇ-മെയിൽ വഴിയായി വെളിപ്പെടുത്തുന്നതിന് നിങ്ങളോട് അപേക്ഷിച്ചുകൊണ്ട് കോട്ടക്ക് മഹീന്ദ്ര ബാങ്ക് നിങ്ങൾക്ക് ഒരിക്കലും ഏതെങ്കിലും ഇ-മെയിൽ അയയ്ക്കുകയില്ല.
- ഏതെങ്കിലും ഇ-മെയിൽ നിങ്ങളുടെ വ്യക്തിപരമായ, സാമ്പത്തികമായ അല്ലെങ്കിൽ സുരക്ഷാപരമായ വിവരങ്ങൾ ചോദിക്കുന്നുവെങ്കിൽ ഒരിക്കലും മറുപടി നൽകരുത്.
- അത്തരത്തിലുള്ള ഒരു ഇ-മെയിലിൽ ഏതെങ്കിലും ഒരു ലിങ്ക് ഒരിക്കലും ക്ലിക്ക് ചെയ്യരുത്.
- നിങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വഞ്ചനാപരമായ ഇ-മെയിൽ അയയ്ക്കപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ, നിങ്ങളുടെ അടുത്തുള്ള ശാഖയിലോ അല്ലെങ്കിൽ ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ കോൺടാക്റ്റ് സെന്ററിലോ വിളിച്ച് ദയവായി റിപ്പോർട്ട് ചെയ്യുക. bank@kotak.com-ൽ ഒരു ഇ-മെയിൽ അയയ്ക്കുന്നതു വഴിയും സംശയിക്കപ്പെടുന്ന ദുരുപയോഗത്തിന്റെ ഏതെങ്കിലും സംഭവം നിങ്ങൾക്ക് ഞങ്ങളെ അറിയിക്കുവാൻ കഴിഞ്ഞേക്കാവുന്നതാണ്.

**വിഷിംഗ്:**
നിയവിരുദ്ധമായി രഹസ്യാത്മക വിവരങ്ങൾ നേടിയെടുക്കുന്നതിന് വിഒഐപി (വോയ്സ് ഓവർ ഇന്റർനെറ്റ് പ്രോട്ടോക്കോൾ) ഉപയോഗിക്കുന്നുവെന്നത് ഒഴിച്ചാൽ വിഷിംഗ്, ഫിസിംഗിന് സമാനമാണ്. സാമാന്യമായി, തട്ടിപ്പ് നടത്തുന്ന കക്ഷി, വ്യക്തിപരമായതോ സാമ്പത്തികമായതോ അല്ലെങ്കിൽ സുരക്ഷാപരമായതോ ആയേക്കാവുന്ന വിവരങ്ങൾ ഒരു ഐവിആർ (ഇന്ററാക്ടീവ് വോയിസ് റെസ്പോൺസ്)-ലൂടെ വെളിപ്പെടുത്തുന്നതിന് ഇടപാടുകാരനെ കബളിപ്പിക്കുന്നതിനായി ഒരു വോയിസ് കോൾ ഒരു ഇടപാടുകാരന് വിളിക്കുന്നു.

വിഷിംഗിൽ നിന്നും നിങ്ങളെ സ്വയം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:

- കോട്ടക്ക് മഹീന്ദ്ര ബാങ്കിൽ നിന്നുമാണെന്ന് നടിക്കുന്ന ഏതെങ്കിലും വ്യക്തിയ്ക്ക് നിങ്ങളുടെ പാസ്‌വേർഡ് അല്ലെങ്കിൽ പിൻ ഒരിക്കലും വെളിപ്പെടുത്തരുത്. ദയവായി ഓർമ്മിക്കുക, നിങ്ങളുടെ പാസ്‌വേർഡ് അല്ലെങ്കിൽ പിൻ കോട്ടക്ക് മഹീന്ദ്ര ബാങ്ക് ഉദ്യോഗസ്ഥരിലാരും തന്നെ ചോദിക്കുകയില്ല.
- നിങ്ങളെ നയിച്ചേക്കാവുന്ന ഏതെങ്കിലും ടെലിഫോൺ സംവിധാനത്തിൽ, വ്യക്തിപരമായതോ അല്ലെങ്കിൽ

- നിങ്ങൾ ഒരു കോൾ ചെയ്യുന്നതിന് മുൻപ്, കബളിപ്പ് സംശയിക്കുന്ന മെയിലിൽ കാണിച്ചിരിക്കുന്ന ഫോൺ നമ്പറുകൾ കോട്ടക്ക് ബാങ്കിന്റെ 24 മണിക്കൂർ കസ്റ്റമർ കെയർ നമ്പറുകളിൽ വിളിച്ച് ദയവായി സ്ഥിരീകരിക്കുക.
- കോട്ടക്ക് ബാങ്കിന്റേതെന്ന വ്യാജേന കാണിച്ചിട്ടുള്ള ഒരു പ്രത്യേക നമ്പറിൽ വിളിക്കുന്നതിന് നിങ്ങളോട് ആവശ്യപ്പെട്ടുകൊണ്ടുള്ള, കബളിപ്പിക്കൽ സംശയിക്കുന്ന ഇ-മെയിൽ നിങ്ങൾക്ക് അയച്ചിരിക്കുന്നുവെന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ, നിങ്ങളുടെ അടുത്തുള്ള ശാഖയിലോ അല്ലെങ്കിൽ ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ കോൺടാക്ട് സെന്ററിലോ വിളിച്ച് ദയവായി റിപ്പോർട്ട് ചെയ്യുക. bank@kotak.com-ൽ ഒരു ഇ-മെയിൽ അയയ്ക്കുന്നതു വഴിയും സംശയിക്കപ്പെടുന്ന ദുരുപയോഗത്തിന്റെ ഏതെങ്കിലും സംഭവം നിങ്ങൾക്ക് ഞങ്ങളെ അറിയിക്കുവാൻ കഴിഞ്ഞേക്കാവുന്നതാണ്.

**പൊതുവായിട്ടുള്ള നെറ്റ് ബാങ്കിംഗ് സുരക്ഷിതത്വ നിർദ്ദേശങ്ങൾ:**

- നിങ്ങളുടെ പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ (പിഐഎൻ) ഒരിക്കലും എഴുതി വെക്കരുത് - അത് ഓർമ്മിച്ച് വെക്കുക! ആരോടും പിഐഎൻ നമ്പറുകൾ ഒരിക്കലും വെളിപ്പെടുത്തരുത്. നിങ്ങളുടെ പിഐഎൻ അല്ലെങ്കിൽ യൂസർ ഐഡി അല്ലെങ്കിൽ പാസ്‌വേർഡ് പങ്കുവെക്കുന്നതിലൂടെ വരുന്ന നഷ്ടങ്ങൾക്ക് കോട്ടക്ക് മഹീന്ദ്ര ബാങ്ക് ഉത്തരവാദിയായിരിക്കില്ല.
- ഒരു പിഐഎൻ തിരഞ്ഞെടുക്കുമ്പോൾ, എളുപ്പത്തിൽ തിരിച്ചറിയപ്പെടുന്ന തരത്തിലുള്ള നമ്പറുകളോ അക്ഷരങ്ങളോ തിരഞ്ഞെടുക്കരുത്. ഇനിഷ്യലുകൾ, ഫോൺ നമ്പറുകൾ അല്ലെങ്കിൽ ജനന തീയതികൾ എന്നിവ ഉപയോഗിക്കുന്നത് ഒഴിവാക്കുക.
- ബാങ്ക് രേഖകളിൽ നിങ്ങളുടെ കൃത്യമായ മൊബൈൽ നമ്പറും ഇ-മെയിൽ ഐഡി-യും പുതുക്കുക.
- മൊബൈൽ ഫോണിന്റേയും ഇ-മെയിൽ ഐഡിയുടേയും സുരക്ഷിതത്വം ഉറപ്പാക്കുക.
- ഈ സൗകര്യം ലഭ്യമാക്കുന്നതിനായി നിങ്ങളുടെ മൊബൈൽ ഫോണും ഇ-മെയിൽ ഐഡിയും സജീവമാക്കി സൂക്ഷിക്കുക.
- നിങ്ങളുടെ കൃത്യമായ മൊബൈൽ നമ്പറും ഇ-മെയിൽ ഐഡി-യും പുതുക്കുന്നില്ലെങ്കിൽ, നിങ്ങളുടെ അക്കൗണ്ടിൽ വഞ്ചനാപരമായ ഒരു ഇടപാട് നടക്കുന്നുവെങ്കിൽ, അതിനെക്കുറിച്ചുള്ള അറിയിപ്പ് നിങ്ങൾക്ക് ലഭിക്കാത്തതിന് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.
- അറിയിപ്പുകൾ/അക്കൗണ്ട്-സംബന്ധിത വിവരങ്ങൾ ലഭിക്കുന്ന ഉദ്ദേശ്യത്തിനായി ഞങ്ങൾക്ക് നൽകിയിട്ടുള്ള നിങ്ങളുടെ മൊബൈൽ നമ്പറിൽ ഒപ്പം/അല്ലെങ്കിൽ ഇ-മെയിൽ ഐഡി-യിൽ അറിയിപ്പുകൾ/അക്കൗണ്ട്-സംബന്ധിത വിവരങ്ങൾ ലഭിക്കുന്നില്ലെങ്കിൽ ആ വിവരം ബാങ്കിനെ അറിയിക്കുക.
- കോട്ടക്ക് മഹീന്ദ്ര ബാങ്ക് ഇമെയിലിലൂടെയും എസ്എംഎസ്-ലൂടെയുമുള്ള ജാഗ്രതാ അറിയിപ്പുകളുടെ സൗകര്യം നൽകുന്നു. അത് നിങ്ങൾക്ക് ഇടപാടുകളുടെ അലേർട്ടുകൾ അയയ്ക്കുന്നു. ജാഗ്രതാ അറിയിപ്പുകളുടെ ട്രാക്ക് എപ്പോഴും സൂക്ഷിക്കുക - ബാങ്ക് അയയ്ക്കുന്ന ഇമെയിൽ/എസ്എംഎസ് നിങ്ങളുടെ പണമിടപാടുകളുടെ രേഖകൾ സൂക്ഷിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള ദുരുപയോഗം തടയുന്നതിനും നിങ്ങളെ സഹായിക്കും.
- അറിയിപ്പുകൾ/അക്കൗണ്ട്-സംബന്ധിത വിവരങ്ങൾ ലഭിക്കുന്ന ഉദ്ദേശ്യത്തിനായി ഞങ്ങൾക്ക് നൽകിയിട്ടുള്ള നിങ്ങളുടെ മൊബൈൽ നമ്പറിൽ ഒപ്പം/അല്ലെങ്കിൽ ഇ-മെയിൽ ഐഡി-യിൽ അറിയിപ്പുകൾ/അക്കൗണ്ട്-സംബന്ധിത വിവരങ്ങൾ ലഭിക്കുന്നില്ലെങ്കിൽ ആ വിവരം ബാങ്കിനെ അറിയിക്കുക.
- നിങ്ങളുടെ നെറ്റ് ബാങ്കിംഗ് പാസ്‌വേർഡിന്റെ സുരക്ഷിതത്വം ലംഘിക്കപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ അല്ലെങ്കിൽ നിങ്ങളുടെ ഡെബിറ്റ് കാർഡ് നഷ്ടപ്പെട്ടുവെങ്കിൽ, ദയവായി ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ കോൺടാക്ട് സെന്ററുമായി ഉടൻ തന്നെ ബന്ധപ്പെടുക.

**മൊബൈൽ ബാങ്കിംഗ്/നെറ്റ് ബാങ്കിംഗ്/എസ്എംഎസ് അറിയിപ്പുകൾ സംബന്ധിച്ച സുരക്ഷാ നിർദ്ദേശങ്ങൾ:**

- നിങ്ങളുടെ മൊബൈൽ വ്യക്തിഗത തിരിച്ചറിയൽ നമ്പർ (എംപിഐഎൻ) ഒരിക്കലും ഒരിടത്ത് എഴുതി വെക്കരുത്! എംപിഐഎൻ നമ്പറുകൾ മറ്റൊരാൾക്ക് വെളിപ്പെടുത്തരുത്. നിങ്ങളുടെ എംപിഐഎൻ അല്ലെങ്കിൽ യൂസർ ഐഡി മറ്റൊളുമായി പങ്കു വെക്കുന്നതിലൂടെ ഉണ്ടായേക്കാവുന്ന നഷ്ടത്തിന് കോട്ടക്ക് മഹീന്ദ്രാ ബാങ്ക് ഉത്തരവാദിയായിരിക്കുന്നതല്ല.
- എംപിഐഎൻ തിരഞ്ഞെടുക്കുമ്പോൾ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കുന്ന നമ്പറുകൾ ഒരിക്കലും ഉപയോഗിക്കാതിരിക്കുക. ഫോൺ നമ്പറുകളോ ജനനത്തീയതിയോ ഉപയോഗിക്കാതിരിക്കുക.
- ബാങ്ക് രേഖകളിൽ നിങ്ങളുടെ കൃത്യമായ മൊബൈൽ നമ്പറും ഇ-മെയിൽ ഐഡി-യും പുതുക്കുക.
- മൊബൈൽ ഫോണിന്റേയും ഇ-മെയിൽ ഐഡിയുടേയും സുരക്ഷിതത്വം ഉറപ്പാക്കുക.
- ഈ സൗകര്യം ലഭ്യമാക്കുന്നതിനായി നിങ്ങളുടെ മൊബൈൽ ഫോണും ഇ-മെയിൽ ഐഡിയും സജീവമാക്കി സൂക്ഷിക്കുക.
- നിങ്ങളുടെ കൃത്യമായ മൊബൈൽ നമ്പറും ഇ-മെയിൽ ഐഡി-യും പുതുക്കുന്നില്ലെങ്കിൽ, നിങ്ങളുടെ അക്കൗണ്ടിൽ വഞ്ചനാപരമായ ഒരു ഇടപാട് നടക്കുന്നുവെങ്കിൽ, അതിനെക്കുറിച്ചുള്ള അറിയിപ്പ് നിങ്ങൾക്ക് ലഭിക്കാത്തതിന് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.
- കോട്ടക്ക് മഹീന്ദ്രാ ബാങ്ക് ഇ-മെയിൽ ഐഡി വഴിയായും എസ്എംഎസ് വഴിയായും ഇടപാടുകൾ സംബന്ധിച്ച അറിയിപ്പുകൾ അയയ്ക്കുന്നതിനുള്ള സൗകര്യം നൽകുന്നുണ്ട്. ബാങ്ക് ഇ-മെയിൽ/എസ്എംഎസ് വഴി അയയ്ക്കുന്ന അറിയിപ്പുകൾ എപ്പോഴും ശ്രദ്ധാപൂർവ്വം വായിക്കുക. നിങ്ങളുടെ പണമിടപാടുകളെക്കുറിച്ചുള്ള വിവരം കൃത്യമായി മനസ്സിലാക്കുന്നതിനും ഏതെങ്കിലും വിധത്തിൽ ദുരുപയോഗം തടയുന്നതിനും ഇത് സഹായിക്കും.
- അറിയിപ്പുകൾ/അക്കൗണ്ട്-സംബന്ധിത വിവരങ്ങൾ ലഭിക്കുന്ന ഉദ്ദേശ്യത്തിനായി ഞങ്ങൾക്ക് നൽകിയിട്ടുള്ള നിങ്ങളുടെ മൊബൈൽ നമ്പറിൽ ഒപ്പം/അല്ലെങ്കിൽ ഇ-മെയിൽ ഐഡി-യിൽ അറിയിപ്പുകൾ/അക്കൗണ്ട്-സംബന്ധിത വിവരങ്ങൾ ലഭിക്കുന്നില്ലെങ്കിൽ ആ വിവരം ബാങ്കിനെ അറിയിക്കുക.
- നിങ്ങളുടെ നെറ്റ്ബാങ്കിംഗ് പാസ്‌വേർഡിന്റെ സുരക്ഷിതത്വം ലംഘിക്കപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിലോ നിങ്ങളുടെ ഡെബിറ്റ് കാർഡ് നഷ്ടപ്പെട്ടിരിക്കുന്നുവെങ്കിലോ, ദയവായി 24-മണിക്കൂർ കസ്റ്റമർ കെയറുമായി ഉടൻ തന്നെ ബന്ധപ്പെടുക.

**ഡെബിറ്റ് കാർഡ്, എടിഎം-വു ബന്ധപ്പെട്ട സുരക്ഷാ നിർദ്ദേശങ്ങൾ:**

- നിങ്ങളുടെ കാർഡിന്റെ പിന്നിലായി നിങ്ങളുടെ പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ (പിഐഎൻ) ഒരിക്കലും എഴുതി വെക്കരുത് അല്ലെങ്കിൽ പിൻ നമ്പർ ആർക്കെങ്കിലും വെളിപ്പെടുത്തരുത് - ഓർമ്മിച്ച് വെക്കുക!
- നിങ്ങളുടെ ആദ്യത്തെ എടിഎം ഉപയോഗത്തിൽ തന്നെ നിങ്ങളുടെ പിൻ നമ്പർ മാറ്റുകയും ജനന തീയതികൾ, ഫോൺ നമ്പറുകൾ മുതലായവ പോലെയുള്ള നമ്പറുകൾ തിരഞ്ഞെടുക്കാതിരിക്കുകയും ചെയ്യുക.
- നിങ്ങൾക്ക് ലഭിക്കുന്ന ഉടൻ തന്നെ ഒപ്പുവെക്കേണ്ട സ്ഥലത്ത് നിങ്ങളുടെ കാർഡിൽ ഒപ്പുവെച്ചുവെന്ന് ഉറപ്പുവരുത്തുക. നഷ്ടപ്പെട്ടതോ കവർച്ച പോയതോ ആയ കാർഡുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി കാർഡ് അക്കൗണ്ട് നമ്പറുകൾ, ടെലിഫോൺ നമ്പറുകൾ എന്നിവയുടെ ഒരു രേഖ ഉണ്ടാക്കുക. ഈ പട്ടിക സുരക്ഷിതമായ ഒരു സ്ഥലത്ത് സൂക്ഷിക്കുക.
- സാധനങ്ങൾ വാങ്ങുന്ന ഓരോ പ്രാവശ്യവും, നിങ്ങളുടെ കാർഡ് മടക്കി വാങ്ങിയെന്ന് ഉറപ്പുവരുത്തുക.
- ഫോണിലൂടെ കാർഡ് നമ്പറുകൾ ഒരിക്കലും നൽകരുത്.
- സാധനങ്ങൾ വാങ്ങുന്ന ഓരോ പ്രാവശ്യവും, വിൽപ്പന രസീതിൽ ഒപ്പുവെക്കുന്നതിന് മുൻപായി ഇടപാട് നടത്തിയ തുക എപ്പോഴും സ്ഥിരീകരിക്കുക.
- സാധനങ്ങൾ വാങ്ങുമ്പോൾ രസീതിന്റെ കസ്റ്റമർ കോപ്പിയിൽ കാണിച്ചിരിക്കുന്ന തുക മർച്ചന്റ് കോപ്പിയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുമായി യോജിക്കുന്നുവെന്ന് സ്ഥിരീകരിക്കുന്നതിനായി എപ്പോഴും സെയിൽസ് വൗച്ചറുകൾ പരിശോധിക്കുക.
- നിങ്ങളുടെ കാറിന്റെ ഗ്ലോവ് കംപാർട്ട്മെന്റിൽ കാർഡ് വെച്ചിട്ട് പോകരുത്.
- നിങ്ങളുടെ പിൻ നമ്പറും ഇടപാട് തുകയും എപ്പോഴും സുരക്ഷിതത്തോടെ സൂക്ഷിക്കുകയും എന്തെങ്കിലും സംശയകരമായി നിങ്ങൾ നിരീക്ഷിക്കുന്നുവെങ്കിൽ, നിങ്ങളുടെ പണമിടപാട് റദ്ദാക്കി അവിടെ നിന്ന് പോകുകയും ചെയ്യുക.
- എടിഎം പണമിടപാട് പൂർത്തീയായതിന് ശേഷം, നിങ്ങളുടെ കാർഡും പണമിടപാട് രേഖയും എടുക്കുന്നതിനും ഓർമ്മിക്കുക - നിങ്ങളുടെ രസീത് ഉപേക്ഷിച്ച് പോകരുത്. നിങ്ങളുടെ പ്രതിമാസ സ്റ്റേറ്റ്മെന്റുകളോട് അവ താരതമ്യം ചെയ്തു നോക്കുക.
- എടിഎം-ൽ നിന്നുകൊണ്ട് നിങ്ങളുടെ പണം എണ്ണിത്തിട്ടപ്പെടുത്തരുത് - നിങ്ങളുടെ പണവും, കാർഡും, രസീതും ഉടൻ തന്നെ സുരക്ഷിതമായി മാറ്റി വെക്കുക.
- നിങ്ങൾ എന്റർ ചെയ്യുന്ന പിൻ നമ്പർ അല്ലെങ്കിൽ പണമിടപാട് തുക, നിങ്ങൾക്ക് ശേഷം എടിഎം ഉപയോഗിക്കുന്നതിന് കാത്തുനിൽക്കുന്ന ഏതെങ്കിലുമൊരാൾക്ക് കാണുവാൻ കഴിയില്ലായെന്ന് ഉറപ്പുവരുത്തുക.
- എടിഎം യന്ത്രത്തിൽ നിന്ന് കാർഡ് തിരിച്ചെടുക്കുന്നതിന് നിങ്ങൾക്ക് കഴിയുന്നില്ലായെങ്കിൽ, ഏതെങ്കിലുമൊരാൾ സഹായം നൽകുന്നതിന് തയ്യാറാകുന്നുവെങ്കിൽ സംശയിക്കുക, അത് ബാങ്കിന്റെ സെക്യൂരിറ്റി ഓഫീസറാണെന്ന് തോന്നുന്നുവെങ്കിൽ പോലും. അപരിചിതരിൽ നിന്ന് സഹായം സ്വീകരിക്കാതിരിക്കുക.
- നിങ്ങളുടെ ഡെബിറ്റ് കാർഡ് നഷ്ടപ്പെട്ടുവെന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ, ദയവായി ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ കോൺടാക്റ്റ് സെന്ററുമായി ഉടൻ തന്നെ ബന്ധപ്പെടുക.

എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ, ദയവായി ഞങ്ങളുടെ 24 മണിക്കൂർ കസ്റ്റമർ കോൺടാക്റ്റ് സെന്ററിൽ വിളിക്കുകയോ അല്ലെങ്കിൽ bank@kotak.com -ൽ എഴുതുകയോ ചെയ്യുക. നിങ്ങളെ സഹായിക്കുന്നതിന് ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടായിരിക്കും.

**ആഭ്യന്തര പണമടയ്ക്കൽ**

**ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി)/ബാങ്കേഴ്സ് ചെക്ക് (ബിസി):**

**ഡിമാൻഡ് ഡ്രാഫ്റ്റുകൾ:** പണം നൽകുന്നതിന് ഉപയോഗിക്കപ്പെടുന്ന ഒരു മാദ്ധ്യമം ആണ് ഒരു ഡിമാൻഡ് ഡ്രാഫ്റ്റ്. അത് ഒരു നെഗോഷ്യബിൾ ഇൻസ്ട്രുമെന്റും പണം നൽകുന്നതിനായി എഴുതപ്പെടുന്ന ഒരു ഓർഡറുമാണ്. ബാങ്ക് അതിന്റെ സ്വന്തം ശാഖകളിലും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ ശാഖകളിലും ഡിഡികൾ നൽകുന്നു. കൂടാതെ, സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ ശാഖകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾക്ക് പുറമേയുള്ള സ്ഥലങ്ങളിൽ മാറ്റാവുന്ന ഡ്രാഫ്റ്റുകൾ മാറ്റിയെടുക്കുന്നിന് പ്രാദേശിക ബാങ്ക് ശാഖകളുമായും ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

**ബാങ്കേഴ്സ് ചെക്കുകൾ:** പ്രാദേശികമായി പണം നൽകുന്നതിന് ഇടപാടുകാർക്ക് നൽകുന്ന സൗകര്യമാണ് ഇത്. ബാങ്കേഴ്സ് ചെക്കുകൾ, അത് പുറപ്പെടുവിക്കുന്ന ശാഖയിലാണ് പണമാക്കി മാറ്റുന്നതും നൽകുന്നതും.

ഡിഡികൾ, ബിസികൾ എന്നിവ പുറപ്പെടുവിക്കുന്നതിനുള്ള ചാർജ്ജുകൾ, ചാർജ്ജുകളുടെ പൊതു ക്രമപട്ടികയിൽ നിർദ്ദിഷ്ടമാക്കിയിട്ടുണ്ട്.

**നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (എൻഇഎഫ്ടി)**

ഇൻഡ്യയിലുടനീളമുള്ള ബാങ്കിംഗ് മേഖലയിൽ, ഫലക്ഷമവും സുരക്ഷിതവും ചെലവ് കുറഞ്ഞതും വിശ്വാസ്യതയുള്ളതും വേഗത്തിലുള്ളതുമായ പണ കൈമാറ്റത്തിനും ക്ലിയറിംഗ് നടത്തുന്നതിനുമുള്ള ഒരു സംവിധാനം സുഗമമാക്കുന്നതിനും ഇപ്പോൾ നിലവിലുള്ള, കടലാസ് പണികളിലൂടെയുള്ള പണം കൈമാറ്റം ചെയ്യൽ, ക്ലിയറിംഗ് എന്നവിയ്ക്കായുള്ള സംവിധാനത്തിന് മുകളിലുള്ള സമ്മർദ്ദം കുറയ്ക്കുന്നതിനുമായി.

**ഇലക്ട്രോണിക് ക്ലിയറിംഗ് സിസ്റ്റം (ഇസിഎസ്)**

ഡിവിഡന്റുകൾ, കമ്മീഷൻ, പലിശ തുടങ്ങിയ ഏറെ ഉയർന്ന സംഖ്യയിലുള്ളതും ആവർത്തന സ്വഭാവമുള്ളതുമായ പണം നൽകൽ ഇടപാടുകൾ നടത്തുന്നതിന് കടലാസ് രേഖകൾ ഉപയോഗിക്കുന്നതിന് പകരമായി ഇടപാടുകാർയി ആർബിഐ രൂപം നൽകിയിട്ടുള്ള ഒരു സൗകര്യമാണ് ഇത്.

**റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് (ആർടിജിഎസ്)**

"തൽസമയം" "ഗ്രോസ്" അടിസ്ഥാനത്തിൽ ഒരു ബാങ്കിൽ നിന്ന് മറ്റൊരു ബാങ്കിലേയ്ക്ക് പണം കൈമാറ്റം നടത്തുന്ന ഒരു ഫണ്ട് ട്രാൻസ്ഫർ സംവിധാനമാണ് ആർടിജിഎസ്. ഇത് ബാങ്കിംഗ് മാദ്ധ്യമത്തിലൂടെ പണം കൈമാറ്റം ചെയ്യുന്ന സംവിധാനത്തിൽ ഏറ്റവും വേഗതയേറിയതാണ്. "തൽസമയം"പണം കൈമാറ്റം നടത്തുന്നുവെന്നതിന്റെ അർത്ഥം ഈ ഇടപാട് പൂർത്തീകരിക്കുന്നതിനായി കാത്തിരിക്കേണ്ടി വരുന്നില്ലായെന്നതാണ്. ഈ ഇടപാടുകൾ അവയുടെ രീതിക്രിയകൾ നടന്ന് കഴിഞ്ഞാൽ ഉടൻ തന്നെ പൂർത്തീകരിക്കപ്പെടുന്നു. ''ഗ്രോസ് സെറ്റിൽമെന്റ്" എന്നതിന്റെ അർത്ഥം, മറ്റേതെങ്കിലും ഇടപാടുകളുമായി കൂട്ടിച്ചേർക്കാതെ ഒരേ സമയത്ത് ഒന്നുമാത്രം പൂർത്തീകരിക്കപ്പെടുന്നു എന്നതാണ്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ രേഖകളിൽ പണം കൈമാറ്റം നടക്കുന്നുവെന്നത് പരിഗണിക്കുമ്പോൾ അത് അന്തിമവും പിൻവലിക്കാനാവാത്തതുമാണ്. ആർടിജിഎസ് ഉപയോഗിച്ച് 2 ലക്ഷം രൂപയ്ക്കും അതിന് മുകളിലും ഉള്ള തുക ഇടപാടുകാരന് ഇതിൽ പങ്കാളിത്തം വഹിക്കുന്ന ഏതെങ്കിലും ബാങ്ക് ശാഖകളിലേയ്ക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

**ഇടപാടുകാരന്റെ അക്കൗണ്ടുകളുടെ രഹസ്യ സ്വഭാവം**

ഒരു ഇടപാടുകാരന്റെ പ്രകടിതമോ വ്യംഗ്യമോ ആയ സമ്മതം കൂടാതെ, ഇടപാടുകാരന്റെ അക്കൗണ്ടിന്റെ വിശദാംശങ്ങൾ/വിവരങ്ങൾ മൂന്നാമതൊരു വ്യക്തിയ്ക്കോ അല്ലെങ്കിൽ കക്ഷിയ്ക്കോ ബാങ്ക് വെളിപ്പെടുത്തുകയില്ല. എങ്കിലും, പൊതുവായി വെളിപ്പെടുത്തേണ്ടത് കടമയായി തീരുന്നതും ബാങ്കിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വെളിപ്പെടുത്തൽ ആവശ്യമായി വരുന്നതുമായ, നിയമത്തിന്റെ പ്രേരണയ്ക്ക് കീഴിൽ വിവരങ്ങൾ വെളിപ്പെടുത്തേണ്ടി വരുന്നതു പോലെ ചില അപവാദങ്ങൾ ഉണ്ടാകാം.

**മരണമടഞ്ഞ വ്യക്തിയുടെ ഡിപ്പോസിറ്റ് അക്കൗണ്ടിലെ ബാക്കിയുള്ള തുകയുടെ ഒത്തുതീർപ്പ്**

- നിക്ഷേപകൻ ബാങ്കിൽ ഒരു നോമിനേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ; - മരണമടഞ്ഞ നിക്ഷേപകന്റെ അക്കൗണ്ടിലെ ബാക്കിയുള്ള തുക, നോമിനിയുടെ തിരിച്ചറിയൽ തൃപ്തികരമായ വിധത്തിൽ ബാങ്ക് നടത്തിയതിന് ശേഷം നോമിനിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയോ നോമിനിയ്ക്ക് നേരിട്ട് നൽകുകയോ ചെയ്യും.

- ബാങ്കിൽ ഒരു നോമിനേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, മുകളിലത്തെ നടപടിക്രമം സംയോജിത അക്കൗണ്ട് ആണെങ്കിൽ പോലും പാലിക്കുന്നതാണ്.

- ഒരു സംയോജിത നിക്ഷേപ അക്കൗണ്ടിൽ, സംയോജിത അക്കൗണ്ട് ഉടമകളിൽ ഒരാൾ മരിക്കുന്നുവെങ്കിൽ, ബാങ്കിന് മരണമടഞ്ഞ വ്യക്തിയുടെ നിയമപരമായ അവകാശികൾക്കും ശേഷിക്കുന്ന നിക്ഷേപകന്(ർക്ക്)-ഉം സംയോജിതമായി അക്കൗണ്ടിൽ ബാക്കിയുള്ള പണം നൽകേണ്ടി വരും. എങ്കിൽത്തന്നെയും, സംയോജിത അക്കൗണ്ട് ഉടമകൾ അക്കൗണ്ടിൽ ബാക്കിയുള്ള പണം നൽകുന്നതിനായി, "ഏതെങ്കിലുമൊരാളോ ശേഷിക്കുന്നയാളോ, മുൻപിലത്തെയാൾ/ഒടുവിലത്തെ വ്യക്തി അല്ലെങ്കിൽ ശേഷിക്കുന്നയാൾ, ശേഷിക്കുന്നവരിൽ ആരെങ്കിലുമോ അല്ലെങ്കിൽ ശേഷിക്കുന്നയാളോ" എന്നിങ്ങനെ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ, മരണമടഞ്ഞ വ്യക്തിയുടെ അവകാശികൾക്ക് നിയമപരമായ കടലാസ് രേഖകൾ സമർപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി, നിർദ്ദേശപ്രകാരം തന്നെ പണം നൽകപ്പെടും.

- നോമിനേഷൻ നൽകപ്പെട്ടിട്ടില്ലാത്ത പക്ഷം, ബാങ്കിന് ന്യായമായുള്ള എന്തെങ്കിലും സംശയങ്ങൾ ഇല്ലാതിരിക്കുന്നുവെങ്കിൽ അല്ലെങ്കിൽ അവകാശികൾ തമ്മിൽ എന്തെങ്കിലും തർക്കങ്ങൾ ഇല്ലാതിരിക്കുന്നുവെങ്കിൽ, നിയമപരമായ എല്ലാ അവകാശികളുടെയും അല്ലെങ്കിൽ നിയമപരമായ പ്രമാണങ്ങൾ ആവശ്യപ്പെടാതെ തന്നെ തങ്ങൾക്കായി പണം സ്വീകരിക്കുന്നതിന് നിയമപര അവകാശികൾ നിർദ്ദേശിച്ചിട്ടുള്ള വ്യക്തിയുടെ സംയുക്തമായ അപേക്ഷയും ഇൻഡെംനിറ്റിയും സ്വീകരിച്ചുകൊണ്ട് ബാങ്കിന്റെ ബോർഡ് കാലാകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ള പരിധി വരെ, മരണമടഞ്ഞ വ്യക്തിയുടെ അക്കൗണ്ടിൽ ബാക്കിയുള്ള പണം ബാങ്ക് നൽകും. നിയമപരമായ നൂലാമാലകൾ പൂർത്തീകരിക്കുന്നതിന്റെ അക്കൗണ്ടിലുള്ള വൈകൽ മൂലം നിക്ഷേപകർക്ക് അസൗകര്യം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാണിത്.

**മരണമടഞ്ഞ വ്യക്തിയുടെ ടേം ഡിപ്പോസിറ്റിനായി നൽകപ്പെടുന്ന പലിശ**

നിക്ഷേപത്തിന്റെ കാലാവധി എത്തുന്നതിന് മുൻപ് നിക്ഷേപകന്റെ മരണം സംഭവിക്കുന്നുവെങ്കിലും കാലാവധി എത്തിയതിന് ശേഷം നിക്ഷേപത്തിന്റെ തുകയ്ക്കായി അവകാശം ഉന്നയിക്കപ്പെടുന്നുവെങ്കിലും കാലാവധി എത്തുന്ന തീയതി വരെ ഉടമ്പടി നിരക്കിൽ ബാങ്ക് പലിശ നൽകും. കാലാവധി എത്തുന്ന തീയതി മുതൽ പണം നൽകുന്ന തീയതി വരെ, കാലാവധി എത്തുന്ന തീയതിയിൽ നിലവിലുള്ള ബാധകമായ നിരക്കിൽ, കാലാവധി എത്തുന്ന തീയതിയ്ക്ക് അപ്പുറം ബാങ്കിൽ നിക്ഷേപം നിലനിൽക്കുന്ന കാലയളവിലേയക്ക്, ബാങ്കിന്റെ നയമനുസരിച്ച് ബാങ്ക് സിംപിൾ ഇന്ററസ്റ്റ് നൽകും.

എങ്കിൽത്തന്നെയും, നിക്ഷേപത്തിന്റെ കാലാവധി എത്തുന്ന തീയതിയ്ക്ക് ശേഷമാണ് നിക്ഷേപകന്റെ മരണം സംഭവിക്കുന്നുവെങ്കിൽ, കാലാവധി എത്തുന്ന തീയതിയിൽ നിലവിലുള്ള സേവിംഗ്സ് ഡിപ്പോസിറ്റ് നിരക്കിൽ, കാലാവധി എത്തുന്ന തീയതി മുതൽ പണം നൽകുന്ന തീയതി വരെ ബാങ്ക് പലിശ നൽകും.

**നിക്ഷേപത്തിന് ഇൻഷുറൻസ് പരിരക്ഷ**

ഡിപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (ഡിഐസിജിസി) നൽകുന്ന ഇൻഷുറൻസ് പദ്ധതിയ്ക്ക് കീഴിൽ, ഡിഐസിജിസി നിർദ്ദിഷ്ടമാക്കുന്ന ചില നിശ്ചിത പരിധികൾക്കും വ്യവസ്ഥകൾക്കും വിധേയമായി ബാങ്ക് ഡിപ്പോസിറ്റുകൾക്ക് പരിരക്ഷയുണ്ട്.

- ഇൻഡ്യയിൽ പ്രവർത്തിക്കുന്ന വിദേശ ബാങ്കുകളുടെ ശാഖകൾ, പ്രാദേശിക ഏരിയാ ബാങ്കുകൾ, മേഖലാ ഗ്രാമീണ ബാങ്കുകൾ എന്നിവ ഉൾപ്പടെയുള്ള എല്ലാ വാണിജ്യ ബാങ്കുകളും ഡിപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (ഡിഐസിജിസി)-യാൽ ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുണ്ട്.

- സേവിംഗ്സ്, ഫിക്സഡ്, കറണ്ട് എന്നിവ പോലെയുള്ള എല്ലാ ഡിപ്പോസിറ്റുകൾക്കും ഡിഐസിജിസി ഇൻഷ്വർ ചെയ്തിട്ടുണ്ട് .

- ഒരു ബാങ്കിന്റെ വിവിധ ശാഖകളിൽ സൂക്ഷിച്ചിരിക്കുന്ന നിക്ഷേപങ്ങൾ, ബാങ്കിന്റെ ലൈസൻസ് ലിക്വിഡേഷൻ/റദ്ദാക്കൽ തീയതി അല്ലെങ്കിൽ ലയനം/ലയനം/പുനസ്സിർമ്മാണം എന്നീ പദ്ധതികൾ പ്രാബല്യത്തിൽ വരുന്ന തീയതിയിലെ അതേ അവകാശങ്ങളിലും പദവിയിലും നിക്ഷേപകന്റെ കൈവശമായിരിക്കും. അവകാശവും ശേഷിയും ഉള്ള മൂലധനത്തിന്റെയും പലിശയുടെയും ആകെ തുക പരമാവധി 5,00,000 രൂപ (അഞ്ച് ലക്ഷം രൂപ മാത്രം).

- ഡിഐസിജിസി പരമാവധി 5 ലക്ഷം രൂപ വരെയുള്ള അസ്സൽ തുകയും പലിശയും ഇൻഷ്വർ ചെയ്യുന്നു. ഉദാ. ഒരു വ്യക്തിയുടെ അക്കൗണ്ടിൽ അസ്സൽ തുക രൂ. 4,95,000-വും കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള പലിശ രൂ. 4,000-വുമാണെങ്കിൽ, ഡിഐസിജിസി ഇൻഷ്വർ ചെയ്യുന്ന മൊത്തം തുക രൂ. 4,99,000 ആയിരിക്കും. എങ്കിൽത്തന്നെയും, ആ അക്കൗണ്ടിലെ മുതൽ തുക രൂ. 5 ലക്ഷമാണെങ്കിൽ, കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള പലിശ ഇൻഷ്വർ ചെയ്യപ്പെടില്ല. അത് പലിശ ആയതുകൊണ്ടല്ല, എന്നാൽ തുക ഇൻഷ്വറൻസ് പരിധിയായ രൂ. 5 ലക്ഷത്തിൽ കവിഞ്ഞതുകൊണ്ടാണ്.

- ഒരേ ബാങ്കിലെ ഒരേ തരത്തിലുള്ള ഉടമസ്ഥതയിലുള്ള എല്ലാ നിക്ഷേപങ്ങളും ഇൻഷ്വറൻസ് നിർണ്ണയിക്കുന്നതിന് മുൻപായി ഒരുമിച്ച് കണക്കു കൂട്ടും. നിക്ഷേപം വ്യത്യസ്ത തരത്തിലുള്ള ഉടമസ്ഥതയിലാണെങ്കിലോ വ്യത്യസ്ത ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുകയാണെങ്കിലോ, അവ വെവ്വേറെയായി ഇൻഷ്വർ ചെയ്യപ്പെടും. ഒന്നിൽ കൂടുതൽ ബാങ്കുകളിൽ നിങ്ങൾക്ക് നിക്ഷേപമുണ്ടെങ്കിൽ, ഓരോ ബാങ്കിലുമുള്ള നിക്ഷേപങ്ങൾക്ക് വെവ്വേറെയായി നിക്ഷേപ ഇൻഷ്വറൻസ് പരിരക്ഷ പരിധി ബാധകമാകും.

- ഒരു വ്യക്തി ഒരു ബാങ്കിന്റെ ഒന്നിലധികം ശാഖകളിൽ ഒന്നിലധികം നിക്ഷേപ അക്കൗണ്ടുകൾ തുറക്കുന്നുവെങ്കിൽ (ഉദാഹരണമായി, ശ്രീ. എക്സ് ഒന്നോ അതിലധികമോ സേവിംഗ്സ്/കറണ്ട് അക്കൗണ്ടും ഒന്നോ അതിലധികമോ ഫിക്സ്ഡ്/റിക്കറിംഗ് നിക്ഷേപ അക്കൗണ്ടുകളും തുറക്കുന്നുവെങ്കിൽ), ഒരേ പദവിയിലും ഒരേ തലത്തിലും ഉടമസ്ഥതയുള്ള അക്കൗണ്ടുകളായി ഇവയെല്ലാം പരിഗണിക്കപ്പെടും. അതിനാൽ, ഈ അക്കൗണ്ടുകളിലുള്ള എല്ലാ നീക്കിയിരിപ്പ് തുകകളും കൂട്ടുകയും പരമാവധി രൂ. 5 ലക്ഷം വരെ മാത്രം ഇൻഷ്വറൻസ് പരിരക്ഷണം ലഭ്യമാകുകയും ചെയ്യും. ശ്രീ. എക്സ് ഒരു സ്ഥാപനത്തിന്റെ പങ്കാളി അല്ലെങ്കിൽ പ്രായപൂർത്തിയെത്താത്ത കുട്ടിയുടെ രക്ഷകർത്താവ് അല്ലെങ്കിൽ ഒരു കമ്പനിയുടെ ഡയറക്ടർ അല്ലെങ്കിൽ ഒരു ട്രസ്റ്റിന്റെ ട്രസ്റ്റി എന്ന നിലയിൽ മറ്റ് നിക്ഷേപ അക്കൗണ്ടുകൾ അല്ലെങ്കിൽ തന്റെ ഭാര്യ ശ്രീമതി. വൈ-യോടൊപ്പം ഒരു സംയോജിത അക്കൗണ്ട്, ബാങ്കിന്റെ ഒന്നോ അതിലേറെയോ ശാഖകളിൽ തുറക്കുന്നുവെങ്കിൽ, അത്തരം അക്കൗണ്ടുകൾ വ്യത്യസ്ത പദവിയിലും വ്യത്യസ്ത തലത്തിലും ആയുള്ള ഉടമസ്ഥതയായി പരിഗണിക്കപ്പെടും. അതനുസരിച്ച്, അത്തരം നിക്ഷേപ അക്കൗണ്ടുകളും രൂ. 5 ലക്ഷം വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹത നേടും.

- നിക്ഷേപകൻ ഏക ഉടമസ്ഥനായ ഒരു സ്ഥാപനത്തിന്റെ പേരിലുള്ള നിക്ഷേപവും വ്യക്തിഗതമായ നിലയിൽ ഉടമസ്ഥതയുള്ള നിക്ഷേപവും ഒരുമിച്ച് കണക്കു കൂട്ടുകയും പരമാവധി രൂ. 5 ലക്ഷം വരെ മാത്രം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുകയും ചെയ്യും.

ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി, ദയവായി www.dicgc.org.in കാണുക.

**നിർജ്ജീവ അക്കൗണ്ടുകൾ**

തുടർച്ചയായി 24 മാസത്തേക്ക് 'ഉപഭോക്തൃ പ്രേരിത' ഇടപാടുകൾ (ക്രെഡിറ്റ് പലിശ, ഡെബിറ്റ് പലിശ പോലുള്ള സിസ്റ്റം ജനറേറ്റഡ് ഇടപാടുകൾ ഒഴികെ) ഒന്നും ഇല്ലാത്ത അക്കൗണ്ടുകളെ നിർജ്ജീവമായ അക്കൗണ്ടായി ഫ്ലാഗ് ചെയ്യപ്പെടും, ഇടപാടുകാരൻ ലിഖിത രൂപത്തിൽ ഒരു നിർദ്ദേശം, പിന്തുണയ്ക്കുന്ന പ്രസക്തമായ തിരിച്ചറിയൽ തെളിവിന്റെ പ്രമാണങ്ങളോടെ നൽകുന്നുവെങ്കിലും പണമുൾപ്പെടുന്ന ഒരു ഇടപാട് നടത്തുന്നുവെങ്കിലും മാത്രമേ അത്തരം അക്കൗണ്ടിന്റെ നില, നിർജ്ജീവം എന്നതിൽ നിന്ന് സജീവം എന്നതിലേക്ക് മാറ്റപ്പെടുകയുള്ളു. അക്കൗണ്ട് നിർജ്ജീവം ആയിരിക്കുന്ന കാലയളവിൽ എടിഎം, നെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, ഫോൺ ബാങ്കിംഗ് തുടങ്ങിയവ പോലെയുള്ള സൗകര്യപ്രദ ബാങ്കിംഗ് മാദ്ധ്യമങ്ങളിലൂടെയുള്ള ഇടപാടുകൾ ബാങ്ക് അനുവദിക്കുന്നതല്ല.

**സേഫ് ഡിപ്പോസിറ്റ് ലോക്കറുകൾ**

ഈ സൗകര്യം ബാങ്കിന്റെ തിരഞ്ഞെടുത്ത ശാഖകളിൽ മാത്രമേ നൽകപ്പെടുന്നുള്ളു. ഈ സൗകര്യം നൽകപ്പെടുന്ന സ്ഥലങ്ങളിൽ സേഫ് ഡിപ്പോസിറ്റ് വോൾട്ട് ലഭ്യതയ്ക്ക് വിധേയമായിരിക്കുകയും ഈ സേവനവുമായി ബന്ധപ്പെട്ട മറ്റ് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിലായിരിക്കുകയും ചെയ്യും. സേഫ് ഡിപ്പോസിറ്റ് ലോക്കറുകൾ തനിച്ചോ മറ്റ് വ്യക്തി(കൾ)ക്കൊപ്പം സംയുക്തമായോ ഒരു വ്യക്തി, (മൈനർ ആയിരിക്കാൽ പാടില്ല), എച്ച്‌യുഎഫ്, സ്ഥാപനങ്ങൾ, ലിമിറ്റഡ് കമ്പനികൾ, അസ്സോസിയേഷനുകൾ, സൊസൈറ്റികൾ, ട്രസ്റ്റുകൾ തുടങ്ങിവയ്ക്ക് വാടകയ്ക്ക് എടുക്കാവുന്നതാണ്. തനിച്ചോ സംയുക്തമായോ ലോക്കറുകൾ വാടകയ്ക്ക് എടുക്കുന്ന വ്യക്തി(കൾക്ക്) നോമിനേഷൻ സൗകര്യവും ലഭ്യമാണ്. നോമിനേഷൻ ഇല്ലാതെ, ലോക്കറുകൾ വാടകയ്ക്ക് എടുക്കുന്ന വ്യക്തിയുടെ മരണം സംഭവിക്കുന്നുവെങ്കിൽ, എന്നാൽ സ്ഥാപിതമായ ഒരു വിൽ ലഭ്യമാണെങ്കിൽ, ലോക്കറിലേക്കുള്ള പ്രവേശനം എക്സിക്യൂട്ടർക്ക്/അഡ്മിനിസ്ട്രേറ്റർക്ക് അനുവദിക്കും.

**പരാതികളും അന്യായം ബോധിപ്പിക്കലും**

ബാങ്ക് നൽകുന്ന സേവനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി/അന്യായം ബോധിപ്പിക്കൽ ഉള്ള ഇടപാടുകാരന്, ഇടപാടുകാരുടെ പരാതി/അന്യായം ബോധിപ്പിക്കൽ കൈകാര്യം ചെയ്യുന്നതിനായി ബാങ്ക് നിയുക്തമാക്കിയിട്ടുള്ള അധികൃതരെ സമീപിക്കുന്നതിനുള്ള അവകാശമുണ്ട്. ഇടപാടുകാരുടെ പരാതി/അന്യായം ബോധിപ്പിക്കൽ പരിഹാരത്തെക്കുറിച്ചുള്ള വിശദാംശങ്ങളും അതിനുള്ള സംവിധാനവും ബാങ്കിന്റെ പരിസരങ്ങളിൽ/ബാങ്കിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരു പരാതി സമർപ്പിക്കുന്നതിനുള്ള നടപടിക്രമത്തെക്കുറിച്ച് ആവശ്യമായ എല്ലാ വിവരങ്ങളും ശാഖയിലെ ഉദ്യോഗസ്ഥർ നൽകും. പരാതി സമർപ്പിച്ചതിന് 30 ദിവസങ്ങൾക്കുള്ളിൽ ഇടപാടുകാരന് തൃപ്തികരമായ വിധത്തിൽ ഒരു പ്രതികരണം ബാങ്കിൽ നിന്ന് ലഭിക്കാത്തപക്ഷം, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നിയുക്തമാക്കിയിട്ടുള്ള ബാങ്കിംഗ് ഓംബുഡ്സ്മാനെ സമീപിക്കുന്നതിന് അദ്ദേഹത്തിന്/അവർക്ക് അവകാശമുണ്ട്.

**ചെക്ക് നിക്ഷേപ പെട്ടിയും ചെക്ക് സ്വീകരിച്ചതിനുള്ള രസീതും**

ചെക്ക് നിക്ഷേപ പെട്ടി ലഭ്യമാണെങ്കിൽ കൂടിയും നിക്ഷേപിക്കുന്നതിനായി ബാങ്കിന്റെ കൗണ്ടറുകളിൽ സമർപ്പിക്കുന്ന എല്ലാ ചെക്കുകൾക്കും ഇടപാടുകാർ ആവശ്യപ്പെടുമ്പോഴെല്ലാം രസീത് നൽകപ്പെടും. കൂടുതലായി ശാഖാ എടിഎം നിക്ഷേപ പെട്ടിയിൽ, "ഇടപാടുകാർക്ക് ചെക്കുകൾ കൗണ്ടറുകളിൽ നൽകാവുന്നതും പേ-ഇൻ-സ്ലിപ്പുകളിൽ രസീത് വാങ്ങാവുന്നതുമാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ടാകും.

**ഡു നോട്ട് കോൾ രജിസ്റ്ററി**

ബാങ്ക് അവരുടെ ഇടപാടുകാർക്ക് അവരുടെ ഏറ്റവും പുതിയ ഉൽപ്പന്നങ്ങളുടെയും സർവ്വീസുകളുടെയും വിവരങ്ങൾ അയയ്ക്കുന്നു. എഴുത്ത്, ഇ-മെയിൽ അല്ലെങ്കിൽ ഫോൺ വഴി ഈ ഉൽപ്പന്നങ്ങളും സർവ്വീസുകളും താൽപ്പര്യം ഉണർത്തുന്നതും പ്രയോജനപ്രദമാണെന്നും കരുതുമെന്ന് ഞങ്ങൾ ചിന്തിക്കുന്നവർക്ക് മാത്രം ഇത്തരത്തിലുള്ള വിവരങ്ങൾ അറിയിക്കുന്നു.

ഞങ്ങളുടെ ടെലിമാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായി ഫോൺ/ഇമെയിൽ/എസ്എംഎസ് എന്നിവ വഴിയായി സമ്പർക്കം പുലർത്തുന്നതിന് നിങ്ങളിൽ ചിലർ ആഗ്രഹിച്ചേക്കില്ല എന്ന വസ്തുത ഞങ്ങൾ അംഗീകരിക്കുകയും നിങ്ങളുടെ സ്വകാര്യതയെ ഞങ്ങൾ മാനിക്കുകയും ചെയ്യുന്നു. നിങ്ങൾ ഈ വിഭാഗത്തിൽ പെടുന്ന ഒരു വ്യക്തിയാണെങ്കിൽ, നിങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമായ ഡു നോട്ട് കോൾ സർവ്വീസ് രജിസ്റ്ററി ഉപയോഗപ്പെടുത്താവുന്നതോ ഞങ്ങൾക്ക് എഴുതാവുന്നതോ അല്ലെങ്കിൽ ഞങ്ങളെ വിളിക്കുന്നതിലൂടെ ഞങ്ങളുടെ ടെലിമാർക്കറ്റിംഗ് പട്ടികയിൽ നിന്ന് ഒഴിവാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്ന നിങ്ങളുടെ ഫോൺ നമ്പർ(കൾ) രജിസ്റ്റർ ചെയ്യാവുന്നതോ ആണ്. രജിസ്റ്റർ ചെയ്യാൻ നിങ്ങൾ നൽകുന്ന വിവരങ്ങൾ രഹസ്യാത്മകമായി സൂക്ഷിക്കപ്പെടും.

ഒരിക്കൽ നിങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞാൽ:

- രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന നമ്പറുകളിൽ ബാങ്കിൽ നിന്ന് സ്വാഗതാർഹമല്ലാത്ത ഏതെങ്കിലും മാർക്കറ്റിംഗ് കോളുകൾ നിങ്ങൾക്ക് ലഭിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തിന് ഞങ്ങൾ എല്ലാ ശ്രമവും നടത്തും.

- ഞങ്ങളുടെ ടെലിമാർക്കറ്റിംഗ് പട്ടികയിൽ നിന്ന് നിർദ്ദിഷ്ട നമ്പറുകൾ മാറ്റുന്നതിനായി 15 പ്രവർത്തി ദിനങ്ങൾ ദയവായി അനുവദിക്കുക.

**ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് സേവനങ്ങൾ**
ബാങ്ക് അതിന്റെ ഇടപാടുകാർക്ക് ഒരു വിശാല ശ്രേണിയിലുള്ള സാമ്പത്തിക ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നുണ്ട്. ഇതിൽ ഡിപ്പോസിറ്ററി സേവനങ്ങളും ഉൾപ്പെടുന്നുണ്ട്. ബാങ്കിന്റെ ഇന്ത്യയിലുടനീളമുള്ള ശാഖകളുടെ ശൃംഖലയിലൂടെ, അതിന്റെ ഡിപ്പോസിറ്ററി സേവനങ്ങൾ നൽകുന്നതിനായി, രണ്ട് ഡിപ്പോസിറ്ററികളിലും (എൻഎസ്ഡിഎൽ-ഉം സിഡിഎസ്എൽ-ഉം) ഒരു ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് ആയി ബാങ്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സേവനങ്ങളിൽ അക്കൗണ്ട് തുറക്കലും അതിന്റെ പരിപാലനവും, ഡീമെറ്റീരിയലൈസേഷൻ, റീമെറ്റീരിയലൈസേഷൻ, വിപണി ട്രാൻസ്ഫറുകളിലൂടെ ട്രേഡുകളുടെ സെറ്റിൽമെന്റ്, ഇന്റർ-ഡിപ്പോസിറ്ററി ട്രാൻസ്ഫർ, നോമിനേഷൻ, ട്രാൻസ്മിഷൻ, ജനസംഖ്യപരമായ വിശദാംശങ്ങളുടെ മാറ്റങ്ങൾ തുടങ്ങിവ ഉൾപ്പെടുന്നു.

**അക്കൗണ്ട് തുറക്കൽ:** ഇലക്ട്രോണിക് മാദ്ധ്യമത്തിലേക്ക് രൂപാന്തരപ്പെടുത്തിയിട്ടുള്ള, ഓഹരി സർട്ടിഫിക്കറ്റുകളുടെ രൂപത്തിൽ ഒരാളുടെ ഫിസിക്കൽ ഹോൾഡിംഗുകൾ ലഭിക്കുന്നതിനായി ഒരു ഇടപാടുകാരന് ഒരു ഡീമാറ്റ് അക്കൗണ്ട് തുറക്കേണ്ടതുണ്ട്. ഓഹരി സർട്ടിഫിക്കറ്റുകളിലെ ഹോൾഡിംഗ് ക്രമരൂപത്തിലാണ് അക്കൗണ്ട് തുറക്കേണ്ടത്. ദ്വിതീയ വിപണി ഇടപാടുകൾ ഉണ്ടെങ്കിൽ - അതായത്, ഒരു രജിസ്റ്റേർഡ് സ്റ്റോക്ക് ബ്രോക്കറിലൂടെ ഓഹരികളുടെ വാങ്ങൽ/വിൽപ്പന - തന്റെ അക്കൗണ്ടിലേക്ക് ഓഹരികൾ ക്രെഡിറ്റ്/ഡെബിറ്റ് ചെയ്യുന്നതിനായി തന്റെ ഡീമാറ്റ് അക്കൗണ്ട് വിശദാംശങ്ങൾ ഇടപാടുകാരൻ ബ്രോക്കറിന് നൽകേണ്ടതുണ്ട്. ഒരു ഡീമാറ്റ് അക്കൗണ്ട് തുറക്കുന്നതിനായി, കൃത്യമായി പൂരിപ്പിച്ച അക്കൗണ്ട് തുറക്കൽ അപേക്ഷാ ഫോറം, പ്രസക്തമായ കെവൈസി രേഖകളോടെ (അതായത്, തിരിച്ചറിയൽ രേഖ, മേൽവിലാസം തെളിയിക്കൽ രേഖ എന്നിവയും മറ്റ് വിവരങ്ങളും പാസ്പോർട്ട് വലിപ്പത്തിലുള്ള ഒരു ഫോട്ടോയോടൊപ്പം) ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റിന് സമർപ്പിക്കേണ്ടതാണ്. എല്ലാ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായിരിക്കണം. ഇടപാടുകാരൻ സമർപ്പിച്ചിട്ടുള്ള രേഖകൾക്ക്/വിവരങ്ങൾക്ക് ഒപ്പമായി അപേക്ഷ വിജയകരമായി പ്രോസ്സസ്സ് ചെയ്യപ്പെട്ടതിന് ശേഷം, ഡീമാറ്റ് അക്കൗണ്ട് തുറക്കപ്പെടുകയും അത് ബാങ്ക് ഇടപാടുകാരനെ അറിയിക്കുകയും ചെയ്യും. ബാങ്കുമായി ഇടപാടുകാരൻ ഭാവിയിൽ നടത്തുന്ന എല്ലാ കത്തിടപാടുകളിലും ഈ ഡീമാറ്റ് അക്കൗണ്ട് ഉദ്ധരിക്കേണ്ടതാണ്.

**ഓഹരികളുടെ ഡീമെറ്റീരിയലൈസേഷൻ:** ഡീമെറ്റീരിയലൈസേഷനായി യഥാക്രമമുള്ള ഡിപ്പോസിറ്ററികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സെക്യൂരിറ്റികൾ മാത്രമേ ഡീമെറ്റീരിയലൈസേഷൻ ചെയ്യുവാൻ സാധിക്കുകയുള്ളൂ, അക്കൗണ്ട് ഉടമയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹോൾഡിംഗുകൾ മാത്രമേ ഡീമെറ്റീരിയലൈസേഷൻ ചെയ്യുവാൻ സാധിക്കുകയുള്ളൂ. സെക്യൂരിറ്റികളുടെ ഉടമകളുടെ പേരുകൾ, ഡീമാറ്റ് അക്കൗണ്ടിൽ നൽകിയിട്ടുള്ള പേരുകളുമായി യോജിക്കേണ്ടതാണ്. ഓഹരി സർട്ടിഫിക്കറ്റുകൾ വ്യത്യസ്ത ക്രമരൂപങ്ങളിലുള്ള പേരുകളിലാണെങ്കിൽക്കൂടിയും, ഒരേ അക്കൗണ്ടിൽ സെക്യൂരിറ്റികൾ ഡീമെറ്റീരിയലൈസേഷൻ ചെയ്യുവാൻ സാധിക്കുന്ന സാഹചര്യങ്ങളിൽ ട്രാൻസ്പൊസിഷൻ കം ഡീമാറ്റ് സൗകര്യം ലഭ്യമായിരിക്കും. ഇടപാടുകാരൻ (രജിസ്റ്റർ ചെയ്തിട്ടുള്ള ഉടമ) ശാഖയ്ക്ക് ഡീമെറ്റീരിയലൈസേഷന് വേണ്ടിയുള്ള നിർദ്ദിഷ്ട ഡീമാറ്റ് റിക്വസ്റ്റ് ഫോറത്തിൽ, ഡീമെറ്റീരിയലൈസേഷൻ ചെയ്യേണ്ട സെക്യൂരിറ്റികളുടെ സർട്ടിഫിക്കറ്റുകൾക്കൊപ്പം അപേക്ഷ സമർപ്പിക്കും. ഇത് സമർപ്പിക്കുന്നതിന് മുൻപായി, ഇടപാടുകാരൻ ''സറണ്ടേർഡ് ഫോർ ഡീമെറ്റീരിയലൈസേഷൻ'' എന്ന് എഴുതി സർട്ടിഫിക്കറ്റുകൾ അസാധുവാക്കിത്തീർക്കേണ്ടതാണ്. സാധാരണയായി, ഡിപി-യ്ക്ക് ഡീമാറ്റ് റിക്വസ്റ്റ് നൽകി ഏകദേശം 30 ദിവസങ്ങൾക്കുള്ളിൽ ഡീമാറ്റ് സ്ഥിരീകരണം ഒരു ഇടപാടുകാരന് ലഭിച്ചേക്കാം. ഓരോ കമ്പനിയുടെയും ഓഹരികൾ ഡീമെറ്റീരിയലൈസേഷൻ ചെയ്യുന്നതിനായി വെവ്വേറെ റിക്വസ്റ്റ് ആവശ്യമാണ്. ഒന്നിലേറെ കമ്പനികൾ ഉണ്ടെങ്കിൽ, ഡീമെറ്റീരിയലൈസേഷൻ ചെയ്യുന്നതിനായി വെവ്വേറെ റിക്വസ്റ്റുകൾ ആവശ്യമാകും. റിക്വസ്റ്റുകളിൽ നൽകിയിട്ടുള്ള വിശദാംശങ്ങൾ ബാങ്ക് സ്ഥിരീകരിക്കുകയും ഡീമെറ്റീരിയലൈസേഷനായി കമ്പനിയുടെ ലഭ്യത പരിശോധിക്കുകയും ചെയ്യുന്നു. ഡീമാറ്റ് അക്കൗണ്ടിലെ എല്ലാ അക്കൗണ്ട് ഉടമകളും ഈ റിക്വസ്റ്റ് ഫോറം ഒപ്പു വെക്കേണ്ടതാണ്. ശാഖ, ഡീമാറ്റ് അക്കൗണ്ടിൽ നൽകിയിട്ടുള്ള ഒപ്പുമായി ഒത്തു നോക്കി സ്ഥിരീകരിക്കുന്നു. എല്ലാം കൃത്യമാണെന്ന് കാണുന്നുവെങ്കിൽ, ശാഖ അതിന്റെ സിസ്റ്റത്തിൽ റിക്വസ്റ്റ് രേഖപ്പെടുത്തുകയും തുടർന്നുള്ള പ്രക്രിയകൾക്കായി കേന്ദ്ര ഡിപ്പോസിറ്ററി ഓപ്പറേഷനുകളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. യഥാക്രമമുള്ള ആർടിഎ/കമ്പനിയിലേക്ക് അയയ്ക്കപ്പെടുന്ന റിക്വസ്റ്റ് ഒന്നുകിൽ പ്രോസ്സസ്സ് ചെയ്യപ്പെടുന്നു/തിരസ്കരിക്കപ്പെടുന്നു. തിരസ്കരിക്കപ്പെടുന്നുവെങ്കിൽ, ആവശ്യമായ നടപടികൾക്കായി സമർപ്പിച്ചിട്ടുള്ള പ്രമാണങ്ങൾ ഇടപാടുകാരന് മടക്കി നൽകുകയും അതിന് ശേഷം ഡീമെറ്റീരിയലൈസേഷൻ നടത്തുന്നതിനായി വീണ്ടും അത് സമർപ്പിക്കേണ്ടി വരികയും ചെയ്യും.

**ഓഹരികളുടെ റീമെറ്റീരിയലൈസേഷൻ:** ഇലക്ട്രോണിക് രൂപത്തിൽ നിലനിർത്തിയിട്ടുള്ള സെക്യൂരിറ്റികൾ, കടലാസ് രൂപത്തിൽ ലഭിക്കുന്നതിനായി ഒരു ഇടപാടുകാരൻ ആഗ്രഹിക്കുന്നുവെങ്കിൽ, ശാഖയിൽ റീമെറ്റീരിയലൈസേഷൻ റിക്വസ്റ്റ് സമർപ്പിക്കേണ്ട ആവശ്യമുണ്ട്. ഡീമാറ്റിലെ സൗജന്യ ബാലൻസ് ഹോൾഡിംഗുകൾ മാത്രമേ ഇടപാടുകാരന് കടലാസ് രൂപത്തിലേക്ക് മാറ്റുന്നതിന് സാധിക്കുകയുള്ളൂ. ഇടപാടുകാരന് റീമെറ്റീരിയലൈസേഷനായുള്ള റിക്വസ്റ്റ് നിർദ്ദിഷ്ട ഫോറത്തിൽ ശാഖയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൽ നൽകിയിട്ടുള്ള വിശദാംശങ്ങൾ ശാഖ സ്ഥിരീകരിക്കുകയും അപേക്ഷാഫോറത്തിലെ ഒപ്പുകൾ ഡീമാറ്റ് അക്കൗണ്ടിലെ അക്കൗണ്ട് ഉടമകളുടെ ഒപ്പുമായി ഒത്തു നോക്കി സ്ഥിരീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ഡീമാറ്റ് അക്കൗണ്ടിലെ ലഭ്യമായ സൗജന്യ ഹോൾഡിംഗുകളും പരിശോധിക്കുന്നു. എല്ലാം കൃത്യമാണെന്ന് കാണുന്നുവെങ്കിൽ, ശാഖ അതിന്റെ സിസ്റ്റത്തിൽ റിക്വസ്റ്റ് രേഖപ്പെടുത്തുകയും തുടർന്നുള്ള പ്രക്രിയകൾക്കായി കേന്ദ്ര ഡിപ്പോസിറ്ററി ഓപ്പറേഷൻ ഓഫീസിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. യഥാക്രമമുള്ള ആർടിഎ/ കമ്പനിയിലേക്ക് അയയ്ക്കപ്പെടുന്ന റിക്വസ്റ്റ് ഒന്നുകിൽ പ്രോസ്സസ്സ് ചെയ്യപ്പെടാം/തിരസ്കരിക്കപ്പെടാം. തിരസ്കരിക്കപ്പെടുന്നുവെങ്കിൽ, ആവശ്യമായ നടപടികൾക്കായി സമർപ്പിച്ചിട്ടുള്ള പ്രമാണങ്ങൾ ഇടപാടുകാരന് മടക്കി നൽകും.

**ട്രെയ്ഡുകളുടെ സെറ്റിൽമെന്റ്:** സ്റ്റോക് എക്സ്ചേഞ്ച് വഴിയായി ഓഹരികൾ വിൽക്കുന്നതിന്, ഒരു ഇടപാടുകാരന് സെബിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ബ്രോക്കറിന്റെ (ക്ലിയറിംഗ് മെമ്പർ) പെക്കൽ ഒരു ട്രെയ്ഡിംഗ് അക്കൗണ്ട് തുറക്കേണ്ടതാണ്. ബ്രോക്കറിലൂടെ ഓഹരി വിറ്റതിന് ശേഷം ടി + 2 ദിവസങ്ങൾക്കുള്ളിൽ, ഇടപാടുകാരൻ തന്റെ അക്കൗണ്ടിൽ നിന്ന് ബ്രോക്കറുടെ പൂൾ അക്കൗണ്ടിലേക്ക് ഓഹരികൾ ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ഇടപാടുകാരന് സിഎം/ബിപി ഐഡി (ക്ലിയറിംഗ് മെമ്പർ), സെറ്റിൽമെന്റ് വിഭാഗം, സെറ്റിൽമെന്റ് നമ്പർ വിശദാംശങ്ങൾ തുടങ്ങിയവ ഡെലിവറി ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ ഓഹരികളുടെ വിവരങ്ങൾക്കും വിറ്റതിന്റെ സംഖ്യയ്ക്കും ഒപ്പമായി ശാഖയിൽ സമർപ്പിക്കേണ്ടതാണ്. യഥാക്രമമുള്ള സ്റ്റോക്ക് എക്സ്ചേഞ്ച് വഴിയായി ട്രെയ്ഡ് പൂർത്തീകരിക്കുന്ന ഇത്തരം ട്രെയ്ഡുകളെ ''ഓൺ-മാർക്കറ്റ് ട്രെയ്ഡുകൾ'' എന്നാണ് വിളിക്കുന്നത്. സമാനമായി, സെറ്റിർമെന്റ് ബാദ്ധ്യതകൾ ഉൾപ്പെടാതെ, ഒരു ഡീമാറ്റ് അക്കൗണ്ടിൽ നിന്ന് ഒരേ ഡിപ്പോസിറ്ററിയ്ക്ക് ഉള്ളിലുള്ള മറ്റൊരു ഡീമാറ്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ഒരു ഇടപാടുകാരൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത്തരത്തിലുള്ളവയെ ''ഓഫ്-മാർക്കറ്റ് ട്രെയ്ഡുകൾ'' എന്നാണ് വിളിക്കുന്നത്.

ഇന്റർ-ഡിപ്പോസിറ്ററി നിർദ്ദേശങ്ങളാണെങ്കിൽ, ഒരു ഡിപ്പോസിറ്ററിയ്ക്ക് ഉള്ളിലുള്ള ഒരു ഡീമാറ്റ് അക്കൗണ്ടിൽ നിന്ന് മറ്റൊരു ഡിപ്പോസിറ്ററിയ്ക്ക് കീഴിലുള്ള ഡീമാറ്റ് അക്കൗണ്ടിലേക്ക് ഓഹരികൾ നീക്കുന്നുവെങ്കിൽ, അതിനെ ''ഇന്റർ-ഡിപ്പോസിറ്ററി ട്രെയ്ഡുകൾ'' എന്ന് വിളിക്കുന്നു.

കൃത്യമായി പൂരിപ്പിച്ച ഇൻസ്ട്രക്ഷൻ സ്ലിപ്പ് ലഭിച്ചു കഴിയുമ്പോൾ, ഇൻസ്ട്രക്ഷൻ സ്ലിപ്പിൽ പൂരിപ്പിച്ചിട്ടുള്ള പ്രസക്തമായ വിവരങ്ങൾ ശാഖ സ്ഥിരീകരിക്കുകയും എല്ലാം ശരിയാണെന്നും എല്ലാത്തരത്തിലും പൂർണ്ണമാണെന്നും കാണുകയും ചെയ്യുമ്പോൾ, സിസ്റ്റത്തിൽ ഇടപാട് പൂർത്തീകരിക്കുന്നു. തിരസ്കരിക്കപ്പെടുന്നുവെങ്കിൽ, ആവശ്യമായ തിരുത്തലുകൾക്കായി അതിനെക്കുറിച്ച് ഉടൻ തന്നെ അറിക്കുന്നതാണ്.

## നോമിനേഷൻ

ഡീമാറ്റ് അക്കൗണ്ടിലെ നിർദ്ദിഷ്ട നോമിനേഷൻ ഫോറം പൂരിപ്പിക്കുന്നതിലൂടെ ഒരു ഇടപാടുകാരന് ആരേയും നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഒരു നോമിനേഷൻ ഫോറം പൂരിപ്പിക്കുകയും അത് ശാഖയിൽ സമർപ്പിക്കുകയും ചെയ്യുന്നതിലൂടെ അക്കൗണ്ട് ഉടമയ്ക്ക്/കൾക്ക് ഈ നാമനിർദ്ദേശം മാറ്റുകയോ/നീക്കം ചെയ്യുകയോ ചെയ്യാവുന്നതാണ്. ഡീമാറ്റ് അക്കൗണ്ടിലെ അക്കൗണ്ട് ഉടമയുടെ മരണം സംഭവിക്കുന്നുവെങ്കിൽ, മരണം സംഭവിക്കുന്ന സമയത്ത് ആരുടെ പേരിലാണോ നോമിനി ആയി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നത് ആ വ്യക്തിയുടെ പേരിലേക്ക് ഓഹരികൾ മാറ്റപ്പെടും . ഡീമാറ്റ് അക്കൗണ്ടിൽ ഒരു നോമിനേഷൻ നടത്തുന്നതിന് എപ്പോഴും ശുപാർശ ചെയ്യപ്പെടുന്നു.

### ട്രാൻസ്മിഷൻ

മരണപ്പെട്ട വ്യക്തി സംയുക്തമായി അക്കൗണ്ടിന്റെ ഒരു ഉടമയായിരുന്നുവെങ്കിൽ, ജീവിച്ചിരിക്കുന്ന ഉടമകൾ, നോട്ടറിയുടെ സാക്ഷ്യപ്പെടുത്തലുള്ള മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പോടൊപ്പം നിർദ്ദിഷ്ട ട്രാൻസ്മിഷൻ ഫോറത്തിൽ, മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിൽ കിടക്കുന്ന സെക്യൂരിറ്റികൾ ജീവിച്ചിരിക്കുന്ന ഉടമകളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്മിറ്റ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനായി, ജീവിച്ചിരിക്കുന്ന ഉടമകയ്ക്ക് (കൾക്ക്) ഒരു ഡിപ്പോസിറ്ററി അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്. ഇത്, അതേ ഡിപി-യുടെ പക്കൽ ആയിരിക്കാം അല്ലെങ്കിൽ ഡിപ്പോസിറ്ററിയ്ക്ക് കീഴിൽ തന്നെ വ്യത്യസ്ത ഡിപി-യുടെ പക്കൽ അല്ലെങ്കിൽ മറ്റ് ഡിപ്പോസിറ്ററിയ്ക്ക് കീഴിൽ ആകാം.

ഉടമ ഏക വ്യക്തി ആയിരിക്കുകയും അയാൾ മരണപ്പെടുകയും ചെയ്യുന്നുവെങ്കിൽ, നിയമപര അവകാശി(കൾ) അല്ലെങ്കിൽ നിയമപര പ്രതിനിധി(കൾ) പ്രസക്തമായ രേഖകൾ സമർപ്പിച്ചു കൊണ്ട്, ബാങ്കിന്റെ ശാഖയെ സമീപിക്കുകയും മരണപ്പെട്ട വ്യക്തിയുടെ ഡീമാറ്റ് അക്കൗണ്ടിൽ കിടക്കുന്നവയുടെ ബാലൻസുകൾ നിയമപര അവകാശി(കൾ)-യുടെ അല്ലെങ്കിൽ നിയമപര പ്രതിനിധി(കൾ)-യുടെ അക്കൗണ്ടിലേക്ക് നീക്കുന്നതിനായി അപേക്ഷ നൽകുകയും ചെയ്യേണ്ടതാണ്.

**മറ്റ് പ്രവർത്തനങ്ങൾ:** മറ്റ് പ്രവർത്തനങ്ങളിൽ, ഡീമാറ്റ് അക്കൗണ്ട് തുറന്നതിന് ശേഷം, ഡീമാറ്റ് അക്കൗണ്ടിലെ മേൽവിലാസം, ബാങ്ക് വിശദാംശങ്ങൾ, ഒപ്പ്, നോമിനേഷൻ തുടങ്ങിയവ അക്കൗണ്ടിൽ പുതുക്കിച്ചേർക്കുന്നത് ഉൾപ്പെടുന്നു. ആവശ്യമായ വിവരങ്ങൾ പുതുക്കിച്ചേർക്കുന്നതിനായി, ഇടപാടുകാരന് നിർദ്ദിഷ്ട ഫോറത്തിൽ പ്രസക്തമായ റിക്വസ്റ്റ് ബാങ്കിന്റെ ശാഖയിൽ സമർപ്പിക്കേണ്ടതാണ്. ഡീമാറ്റ് അക്കൗണ്ടിൽ വിവരങ്ങൾ വിജയകരമായി പുതുക്കിച്ചേർത്തു കഴിയുമ്പോൾ, ബാങ്ക് ഇടപാടുകാരന് ആവശ്യമായ സ്ഥിരീകരണം നൽകുന്നതാണ്.

പകർപ്പവകാശം കോട്ടക്ക് മഹീന്ദ്രാ ഗ്രൂപ്പ്. എല്ലാ അവകാശങ്ങളും നിക്ഷിപ്തമായിരിക്കുന്നു.